# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം.പി 11 - 101/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം.പി 11 - 101/2023 തീയ്യതി: 12/04/2023

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സുസ്മിത.കെ.വി - ഓഡിറ്റ് ഓഫീസർ
ശ്രീ.ഗോപകുമാർ എം.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വൃന്ദ.സി.എസ് - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കിരൺ കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.വി.കുഞ്ഞ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജെസ്സി.പി.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനിൽ.പി,എസ് | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.നബീല.എം.ബി | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീബ എം എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.റീന.പി.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 19-02-2022 |
| ശ്രീമതി.സീന പി സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-02-2022 | 31-03-2022 |
| ഡോ.ബെറ്റി ആന്റണി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി. സാലി ഡി | ഹെഡ് മാസ്റ്റർ ജെ.എസ് വി എൽ പി എസ് | 01-04-2021 | 31-03-2022 |
| ശ്രീ.സജീവ് കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുധ എം എ | വി.ഇ.ഒ. | 01-04-2021 | 10-02-2022 |
| ശ്രീ.റിബു വർഗീസ് | വി.ഇ.ഒ. | 11-02-2022 | 31-03-2022 |
| ഡോ.മിനി സി കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 11-10-2022 |
| ഡോ.മിനി.കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-10-2021 | 10-12-2021 |
| ഡോ ആഷറാണി .ടി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-12-2021 | 31-03-2022 |
| ഡോ.ജോബി വർഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ.റസീന.കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.അളക ആർ ബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | 60 മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു | 1-11 |
| 13 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു | 1-12 |
| 14 | പ്ലാനിൽ പാർക്കിംഗിനായി കാണിച്ച ഭാഗം ഗോഡൌൺ, ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. | 1-13 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 16 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കി | 1-15 |
| 17 | വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-16 |
| 18 | തരിശ് നെ**ൽ**കൃഷി വികസനം- സ്ഥലത്തിന്റെ രേഖക**ൾ** ലഭ്യമല്ല | 1-17 |
| 19 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് റഗുലറൈസേഷൻ ഫീ ഈടാക്കി | 1-18 |
| 20 | പാലിയേറ്റീവ് കെയ**ർ** - മുഴുവ**ൻ** മരുന്നുക**ൾ** ലഭ്യമായിട്ടില്ല - 46,486 /- തടസ്സം | 1-19 |
| 21 | ഏ**ർ**ളി ഡിറ്റക്ഷ**ൻ** സെന്റ**ർ**- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -20,000 രൂപ തടസ്സം | 1-20 |
| 22 | ആരോഗ്യ പരിരക്ഷാ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റില്ല | 1-21 |
| 23 | സബ്സിഡി തുക നല്കിയതിന്റെ മുഴുവൻ രേഖകളും ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-22 |
| 24 | പട്ടികജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ- 60 വയസ്സ് തികയാത്തവർക്കും | 1-23 |

| | | |
|---|---|---|
| | ആനുകൂല്യം നൽകി | |
| 25 | അഗതിരഹിത കേരളം പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കണം | 1-24 |
| 26 | വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 27 | ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി ആരംഭിച്ചിട്ടില്ല | 1-26 |
| 28 | IKM പ്രവർത്തനവിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-27 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -വിനിയോഗവിവരം ലഭ്യമായില്ല | 1-28 |
| 30 | വഴിവിളക്കുകളുടെ മെയിന്റനൻസ് പദ്ധതി- അപാകതകൾ | 1-29 |
| 31 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കാത്തതിനാൽ വൈദ്യുതി ചാർജിനത്തിൽ അധികചെലവുണ്ടാകുന്നു | 1-30 |
| 32 | സർക്കാർ നിർദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ നൽകി | 1-31 |
| 33 | സാക്ഷരതാപ്രേരകിന് നൽകിയ ഓണറേറിയം റീക്കുപ്പ് ചെയ്യേണ്ടതാണ് | 1-32 |
| 34 | മിനി കമ്മ്യൂണിറ്റി ഹാൾ - ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയമായിക്കിടക്കുന്നു | 1-33 |
| 35 | വിവിധ വാർഡുകളിൽ കാന ക്ലീനിംഗ്- കരാറുകാരന് അധികനിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചു | 1-34 |
| 36 | തൊഴിലുറപ്പ് പദ്ധതി-സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ് ഈടാക്കിയില്ല | 1-35 |
| 37 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നത് തുടരുന്നു | 1-36 |
| 38 | ഓഡിറ്റ് ഇംപാക്ട് | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടികൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.3.21തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് - 21.3.22 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

മുന്നിരിപ്പ് - 58414481/-

പ്രതീക്ഷിത വരവ് -257871250/-

ആകെ- 316285731/-

ചെലവ്- 280466990/-

നീക്കിയിരുപ്പ് -35818741/-

### 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 31.07.2022 |

### 1-2-1 വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 20/09/2020 മുതലാണ്. 01/04/2021 മുതൽ 31/03/2022 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01/04/2021 മുതൽ 31/03/2022 വരെയുള്ള വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്.

വാർഷിക ധനകാര്യപത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

1. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

2.സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ (Birth, Death And Marriage Registration ), സാംഖ്യ (ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ് ), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല.

3. വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ്, കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് എന്നിവയോടൊപ്പം ലഭ്യമായിരുന്ന ബാലൻസ് ഷീറ്റിന്റെ ഭാഗമായ B1 ഷെഡ്യൂൾ ILGMS അക്കൗണ്ട്സിന്റെ ഭാഗമായി ലഭ്യമാകുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാനോ, കൃത്യത ഉറപ്പുവരുത്താനോ സാധിക്കുന്നില്ല.

4. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ്മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

5. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMSൽ ഉൾപ്പെടുത്തിയിട്ടില്ല.

6. തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

7. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാവൂ.

8. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-4 Fees & User Charges ഷെഡ്യൂളിൽ 140 400 199-Other Receipts എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ (-) 20,943/- എന്ന നെഗറ്റീവ് തുക രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇൻകം ടാക്സ് തുക തെറ്റായി Other ,Fees എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ രസീത് ചെയ്തതിനാലാണ് ഈ അപാകത ഉണ്ടായത്. ഇത് Journal Voucher വഴി ഇൻകം ടാക്സ് ഹെഡിലേക്ക് Journal ചെയ്തിരുന്നു. ഇതേ തുക തന്നെ ഇൻകം ടാക്സിന്റെ ഹെഡിലും രസീത് ചെയ്തിരുന്നു. ഈ രസീത് ക്യാൻസൽ ചെയ്യുന്നതിന് പകരം Journal ചെയ്ത രസീത് ക്യാൻസൽ ചെയ്തത് മൂലമാണ് Other Fees എന്ന ഹെഡിൽ ടി തുക (-) Ve ആയി വന്നത്. ഇത് Excess Of Income Over Expenditure നെ ബാധിക്കുന്നതാകയാൽ ഈ അപാകത പരിഹരിക്കേണ്ടതാണ്.

9. ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ I-10 Establishment Expenses ഷെഡ്യൂളിൽ 210 300 101-Pension Contribution Secretary എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ (-) 31,770/- എന്ന നെഗറ്റീവ് തുക രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മുൻവർഷത്തെ മാർച്ച് മാസത്തെ ശമ്പളം പ്രോസസ്സ് ചെയ്യാൻ സാധിക്കാതെ വന്നതുമൂലം ഏപ്രിലിൽ വീണ്ടും പേമെന്റ് ഓർഡർ അടിക്കേണ്ടതായി വന്നു. ആയതുകാരണം പെൻഷൻ കോൺട്രിബ്യൂഷൻ രണ്ട് തവണ Liability ആയി ലെഡ്ജറിൽ വന്നു. അപാകത പരിഹരിക്കേണ്ടതാണ്.

10. വികസന ഫണ്ട് (ജനറൽ) ചെലവ് തുക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകയും, വാർഷിക ധനകാര്യപത്രികയിലെ തുകയും തമ്മിൽ 2,91,040/- രൂപ വ്യത്യാസമുണ്ട്. 112/22 എന്ന പ്രൊജക്ടിന് വേണ്ടി ട്രഷറിയിൽ ബില്ല് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് തൻവർഷം പാസ്സായില്ല. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഈ ചെലവ് റദ്ദാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ 2,91,040/- രൂപ അധികമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

11. 231/22 എന്ന പ്രൊജക്ടിന് വേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 140000/- രൂപയുടെ ചെലവും സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

12. 2021-22 വർഷം കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുള്ള 5004/- (സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ), 44471/-(എയർപോർട്ട് നഗർ കമാനം ഇലക്ട്രിഫിക്കേഷൻ) എന്നീ തുകകൾ RP 49ൽ Advance To Implementing Agencies എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല.

13. 320700205 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1,50,000/-രൂപ ലയബിലിറ്റി ഹെഡിൽ കാണിച്ചിട്ടുള്ള ട്രയൽ ബാലൻസിൽ ഈ തുക ക്രെഡിറ്റ് ബാലൻസ് ആയി കാണിച്ചിട്ടുണ്ട്. EDCB A/c ൽ ഈ തുക നീക്കിയിരിപ്പ് ഉൾപ്പെട്ടിട്ടുമുണ്ട്.

"

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 67451687.50 |
| വരവ് | 118928357.00 |
| ആകെ | 186380044.50 |
| ചെലവ് | 124737424.00 |
| നീക്കിയിരിപ്പ് | 61642620.50 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 0 |
| തടസ്സം | 8704755.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15865400 | 15865400 | 14101199 | 0 | 1764201 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8810000 | 8810000 | 8314726 | 0 | 495274 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19634000 | 19634000 | 10903270 | 0 | 8730730 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6298839 | 6298839 | 5174489 | 0 | 1124350 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Basic Grant-Untied) | 0 | 3215000 | 3215000 | 2955653 | 259347 + Interest In Bank A/c 62649= 321996 | 0 |
| ധനകാര്യ കമ്മീഷൻ - (Tied) – Try | 0 | 3847298 | 3847298 | 1350552 | 0 | 2496746 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Tied) Bank | 0 | 4823000 | 4823000 | 3452604 | 1370396 | |
| കേന്ദ്രാവിഷ്കൃതഫണ്ട്- എൻ.ആർ.ഇ.ജി.എസ് ( ഭരണച്ചെലവ് ) 320 100 128 | 91540 | 737971 | 829511 | 797953 | 31558 | |
| എൻ.ആർ.ഇ.ജി.എസ് നേരിട്ട് ചെലവഴിക്കുന്നത് | 0 | 19901422 | 19901422 | 19901422 | 0 | |
| സമ്പൂർണ്ണ ശുചിത്വം 320 100 181 | 3600820 | 0 | 3600820 | 3598241 | 2579 | |
| ICDS- Central Share 320 100 125 | 526202 | 898876 | 1425078 | 1364914 | 60164 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- വിമുക്തി- 320 100 190 | 48424 | 0 | 48424 | 0 | 48424 | |
| ശുചിത്വ മിഷൻ ഫണ്ട് ( E-Auto) 320300103 | 0 | 280000 | 280000 | 280000 | 0 | |
| 320 100 198 ശുചിത്വ മിഷൻ ഫണ്ട് | 60817 | 185000 | 245817 | 237584 | 8233 | |
| 320 100 196 ICDS- State Share | 75000 | 0 | 75000 | 0 | 75000 | |
| 320 100 197 സാക്ഷരത | 6843 | 0 | 6843 | 0 | 6843 | |
| 320 100 191 നിർമ്മൽ പുരസ്കാരം | 276660 | 0 | 276660 | 0 | 276660 | |
| 320 200 399 State Sponsored Schemes Life State Share | 4220000 | 0 | 4220000 | 160000 | 4060000 | |
| 320 300 102 ജലനിധി | 1140556 | 31109 | 1171665 | 0 | 1171665 | |
| കില ട്രയിനിംഗ് ഫണ്ട് 320300199 | 0 | 44727 | 44727 | 3967 | 40760 | |

*** CFC Tied ൽ നിന്നും 1990137/-രൂപയും CFC Untied ൽ നിന്നും 2228124/-രൂപയും Capital Contribution ലേക്ക് മാറ്റിയിട്ടുണ്ട്.**

2021-22 വർഷത്തെ ധനകാര്യപ്പത്രികയിലെ RP -7ഷെഡ്യൂളിലെ ചെലവ് തുകയും, I-6 ഷെഡ്യൂളിലെ ചെലവ് തുകയും തമ്മിൽ വ്യത്യാസമുണ്ട്. ഇതിന് കാരണം താഴെപ്പറയുന്നതാണ്.

2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ( 312 109 901 ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 01.04.2021-ൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്നത് 7,14,33,977/- രൂപയാണ്. ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2022-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 7,85,12,616/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും, നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 70,78,639/-രൂപയാണ്.

അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുക 70,78,639/- രൂപയാണ്.

| ഫണ്ടിനം | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | ജി.ഒ.പ്രോജക്ടുകൾക്ക് വേണ്ടി മാറ്റി വെച്ച തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 329800 | 934400 |

| | | |
|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 936522 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) | 2228124 | |
| ധനകാര്യ കമ്മീഷൻ അവാർഡ്( Tied)- ബാങ്ക് | 1990137 | |
| സമ്പൂർണ്ണ ശുചിത്വം | 508741 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 1085315 | |
| ആകെ | 7078639 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (പൂർത്തിയായത്) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 154082844 | 203 | 86607542 | 58 | 0 | 77.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 91540 | 737971 | 829511 | 797953 | 315558 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19901422 | 19901422 | 19901422 | 0 |
| ആകെ | 91540 | 20639393 | 20730933 | 20699375 | 31558 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4767800 | 281 |
| വിധവാപെൻഷൻ | 21429100 | 1366 |
| വാർദ്ധക്യകാലപെൻഷൻ | 50465600 | 3471 |
| വികലാംഗപെൻഷൻ | 4989200 | 322 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത | 1401600 | 83 |
| വിവാഹധനസഹായം | 420000 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2023 -ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10209/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണസംവിധാനം പരിശോധിച്ച് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1. ആസ്തി രജിസ്റ്റർ കാലികമാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് ലഭ്യമാകുന്നില്ല.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു

വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. പദ്ധതി ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തി പൂർണ്ണമാക്കുന്നില്ല. സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ഭൂരിഭാഗവും അപൂർണ്ണമാണ്.
4. വി ഇ ഒ നിർവഹണം നടത്തിയ പല പദ്ധതികളുടെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
5. തനത് ഫണ്ട് നീക്കിയിരുപ്പ് 5 കോടിയിലധികം തുകയുണ്ടെങ്കിലും ആയത് സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്ഥിരനിക്ഷേപമാക്കി മാറ്റാത്തതിനാൽ പലിശയിനത്തിൽ ലഭിക്കാവുന്ന വരുമാനം നഷ്ടമാവുന്നു.
6. സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടശേഷവും പ്രതിമാസ പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നുണ്ട്. പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടിയൊന്നും സ്വീകരിക്കുന്നില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.10.22 | 1.6.2022 To 30.9.22 | 15.10.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.3.22 To 26.3.22 | 2019-20 | 27.12.22 |

## 1-11 60 മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. 1,2,3,15 വാർഡുകൾ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/268<br>1/270 A | രാജൻ, തുരുത്തുമ്മൽ വീട് |
| 2 | 1/395<br>1/398 | തങ്കപ്പൻ, ചിറമ്മേൽ വീട് |
| 3 | 2/142 A<br>2/143 | മധുസൂദനൻ, കളത്തിപ്പറമ്പിൽ വീട് |
| 4 | 2/360<br>2/360 A | പീതാംബരൻ, മൂന്നാടൻ വീട്, കാരക്കാട്ടുകുന്ന് |
| 5 | 15/330 A<br>15/ 331 | ദാമോദരൻ, കുറ്റനാട്തെറ്റയിൽ |
| 6 | 15/188 B1<br>15/188 B2 | ഡോൺ എൽദോ, പറവട്ടിൽ |

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒന്നിൽക്കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 20/23.01.2023 ന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന്

തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 2021-22സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രാകരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 11/371 A, 371 B, 371 C, 371 D, 371 E | നീന ആന്റണി, കാച്ചപ്പിള്ളി, കൊടുങ്ങല്ലൂർ | വാണിജ്യാവശ്യം & പാർപ്പിടാവശ്യം |
| 2 | 3/214 C | റോബിൻസൺ സി ജോസ് , മിഥു വി ആന്റണി, ചക്യേത്ത്, എളവൂർ | പാർപ്പിടാവശ്യം |
| 3 | 6/467A1 | ജോബി, തുരുത്തുമേൽപാറയിൽ, മേക്കാട് | വാണിജ്യം |
| 4 | 4/497 A | ജോസ്, മേരി ജോസ്,<br>കുരൻകോട്ടപ്പുറത്ത് വീട്, | പാർപ്പിടാവശ്യം |
| 5 | 10/501 B3 , 10/501 B4 | മാത്യു ജോഷി, പൈനാടത്ത് വീട്, നായത്തോട് | ലോഡ്ജ് |

സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/23.01.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിലെ കെട്ടിട ഉടമസ്ഥരിൽ നിന്ന് നികുതി റിട്ടേൺ പകർപ്പ് ലഭിക്കുന്നതിനും പരാമർശിത സർക്കാർ നിർദ്ദേശം പാലിച്ചുമാത്രം കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി റിട്ടേൺ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 പ്ലാനിൽ പാർക്കിംഗിനായി കാണിച്ച ഭാഗം ഗോഡൌൺ, ഓഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

| | |
|---|---|
| ഫയൽ നം/ തീയതി | A3-512/2020<br>27.01.2020 |
| കെട്ടിട ഉടമയുടെ പേര് | സാജു ജിയോ, തച്ചിൽ വീട്,<br>വാപ്പാലശ്ശേരി |
| പെർമിറ്റ് നം./ തീയതി | A32799(32)/2020<br>14/07/2020 |
| ഉപയോഗക്രമം | പാർപ്പിടം |
| പ്ലോട്ട് ഏരിയ | 942 $M^2$ |
| Proposedപ്ലാൻ പ്രകാരം | Ground Floor – 133.58(Car Porch – 117.81 $M^2$, Stair – 15.77 $M^2$)<br>First Floor – 184.73 $M^2$<br>Second Floor – 184.73 $M^2$<br>Stair Room - 17.13 $M^2$<br>Total Proposed Area – 520.17<br>Existing Built Up Area In The Plot – 358.08<br>(Ex.Ground Floor (Residence)– 29.03 $M^{2,}$<br>Ex.Godown – 329.05 $M^2$)<br>Total Built Up Area - 878.25 $M^2$ |

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

| കെട്ടിടം | പ്ലിന്ത് ഏരിയ ($M^2$) |
|---|---|
| ഗ്രൗണ്ട് ഫ്ലോർ (പാർക്കിംഗ്) | 117.77 |
| ഗ്രൗണ്ട് ഫ്ലോർ (സ്റ്റെയർ) | 15 |

| | |
|---|---|
| ഫസ്റ്റ് ഫ്ലോർ (പാർപ്പിടാവശ്യം) | 163.22 |
| സെക്കണ്ട് ഫ്ലോർ (പാർപ്പിടാവശ്യം) | 179.41 |
| സ്റ്റെയർ ക്യാബിൻ | 16.14 |
| നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ (Residence) | 29.03 |
| നിലവിലുള്ള ഗോഡൌൺ | 329.05 |
| ആകെ | 849.62 $M^2$ |

കെട്ടിടത്തിന്റെ താഴത്തെ നിലയിൽ കാർ പാർക്കിംഗ്(117.77ച.മീ.) , താഴത്തെ നിലയിലെ Disabled Toilet ലേക്ക് Ramp എന്നിവ Completion Plan ൽ കാണിച്ചിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറുടെയും, ഓവർസീയറുടെയും സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ പാർക്കിംഗിനായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഭാഗം ഗോഡൌൺ, ഓഫീസ് എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കണ്ടു. കൂടാതെ Disabled Toilet ലേക്കുള്ള Ramp പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്ത് നൽകിയിരുന്നില്ല. പാർക്കിംഗിനു വേണ്ടി രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം ഇത്തരത്തിൽ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് KPBR Rule 29 ന് വിരുദ്ധമാണ്.

Ii) കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത പ്ലോട്ടിൽ നിലവിലുള്ള ഗോഡൌണിന്റെ (10/66 A) വിസ്തീർണ്ണം 329.05 $M^2$ ആണെങ്കിലും സഞ്ചയയിൽ ആയത് 317.42 $M^2$ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

Iii) കംപ്ലീഷൻ പ്ലാനിൽ പ്രസ്തുത പ്ലോട്ടിൽ 10/66 B നമ്പറായി 29.03ച.മീ. വിസ്തീർണ്ണമുള്ള Residential കെട്ടിടം നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ 10/66 B നമ്പറിൽ 19.73 ച.മീ. വിസ്തീർണ്ണമുള്ള ഓഫീസ് കെട്ടിടത്തിനാണ് വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/24.01.2023)മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി പെർമിറ്റ് പ്രകാരം പാർക്കിംഗിനായി അനുവദിച്ച സ്ഥലം ചട്ടവിരുദ്ധമായി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ടതും ക്രമ നം Ii, Iii എന്നീ കെട്ടിങ്ങളുടെ ഏരിയ , ഒക്യുപ്പെൻസി എന്നിവ ക്രമപ്രകാരം നിർണ്ണയിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/20.01.2023) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സോണി കാർട്ടൺസ് | I |
| 2 | നവ്യ ബേക്കറി | I |
| 3 | എസ് മാർട്ട് ഹൈപ്പർമാർക്കറ്റ് | I |
| 4 | DHL ലോജിസ്റ്റിക്സ് പ്രൈ.ലി. | II |
| 5 | ഗ്രീൻ മെത്തേഡ് എൻജിനീറിംഗ് | II |
| 6 | തോമസ് കുക്ക് (ഇന്ത്യ)പ്രൈ.ലി. | II |
| 7 | എമിസോഫ്റ്റ് സൊല്യൂഷൻസ് | II |
| 8 | DIANA ഹൈറ്റ്സ് | I |
| 9 | ഭാരത് സ്റ്റാർസ് സർവ്വീസസ് പ്രൈ.ലി. | I |
| 10 | നമസ്തേ അക്കാദമി | I |
| 11 | നിള എയർപോർട്ട് എക്സ്പ്രസ് ഫുഡ്സ് | I |
| 12 | മാനേജർ സൈറ്റ് അക്വിസിഷൻ ഇൻഡസ് ടവർ ലിമിറ്റഡ് | II |
| 13 | അരീക്കൽ സ്റ്റോർസ് | I |
| 14 | ECLAT അപ്പാരൽസ് | I |
| 15 | മെറിലാൻഡ് ആയുർവേദ ഹോസ്പിറ്റൽ | I |
| 16 | T.S No.12, Group No 3 (Profession Tax 2021-22 Collection Details Statement Sl.No : 183) | I |

| | | |
|---|---|---|
| 17 | T.S No.1,9,10,11,14 (Profession Tax 2021-22 Collection Details Statement Sl.No : 184) | I |
| 18 | സൂപ്പർ മെറ്റൽസ്, വാപ്പാലശ്ശേരി | I |
| 19 | ന്യൂസ്റ്റാർ അലൂമിനിയം ഫാബ്രിക്കേഷൻസ്, പൊയ്ക്കാട്ടുശ്ശേരി | I |
| 20 | ഗ്രാന്റ് മലബാർ | I |
| 21 | സീ പേപ്പർ പ്രൊഡക്ട്സ് | I |

2)ജീവനക്കാരുടെ ഒരു അർദ്ധവർഷത്തെ(ഏപ്രിൽ - സെപ്റ്റംബർ/ ഒക്ടോബർ - മാർച്ച്) വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി കണക്കാക്കേണ്ടത്. എന്നാൽ UPDATER SERVICES PVT LTD എന്ന സ്ഥാപനം സമർപ്പിച്ച ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റിൽ വളരെ കുറഞ്ഞ വേതനമാണ് കാണിച്ചിട്ടുള്ളത്. ഇതുപ്രകാരമുള്ള നികുതി മാത്രമേ ഈടാക്കിക്കാണുന്നുള്ളൂ. ഇത് മിനിമം വേജസ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ഈ സ്ഥാപനങ്ങളിൽ നിന്നും യഥാർത്ഥത്തിലുള്ള വേതനപ്പട്ടിക ആവശ്യപ്പെടേണ്ടതും അതിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| റിട്ടേൺ സ്റ്റേറ്റ്മെന്റിലെ ക്രമ നം | ജീവനക്കാരന്റെ പേര് | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം |
|---|---|---|
| 1 | അൻസാർ എ എം | 600 |
| 2 | ശ്രീജിത്ത് കെ കെ | 600 |
| 3 | സന്തോഷ് കെ ആർ | 1140 |
| 7 | മനു കുര്യാക്കോസ് ജോർജ്ജ് | 518 |
| 8 | എ കെ അയ്യപ്പൻ | 466 |
| 9 | എൽദോ ബേബി | 466 |
| 11 | ജിജോ ഒ ജി | 464 |
| 12 | ജയൻ ടി പി | 466 |

3)ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | ബിഗ് വീൽസ് | റിജോയ് പോൾ കെ | 5 | 783/2021-22 |
| 2 | സാജോ ഇൻഡസ്ട്രീസ് | കെ പി ജോണി | 6 | 785/2021-22 |
| 3 | ജെ & വി കയർ പ്രൊഡക്ട്സ് | വിപിൻ കുരിയൻ വി.എം | 4 | 1026/2021-22 |
| 4 | വി & വി ഏജൻസീസ് | വിനോദ് തളിയത്ത് | 6 | 1027/2021-22 |
| 5 | Bennet Coleman & Company Ltd | ദീപക് ഫ്രാൻസിസ് | 5 | 1553/2021-22 |
| 6 | അന്ന വുഡ് ഇൻഡസ്ട്രീസ് | ജോജോ വി.കെ | 5 | 1298/2021-22 |
| 7 | പഞ്ചവടി ടൈൽസ് | ജ്യോതിഷ്കുമാർ ബാലകൃഷ്ണ പിള്ളൈ | 6 | 1401/2021-22 |
| 8 | സ്പൈക്ക് സ്പോർട്സ് വെയർ | ബിജു മത്തായി | 6 | 1529/2021-22 |
| 9 | സൽക്കാര റസ്റ്റോറന്റ് | സുരേഷ് ഗോവിന്ദ് പി.സി | 90 | 1648/2021-22 |
| 10 | മല്ലൂസ് ദാബ | ഷാജഹാൻ കെ.പി | 9 | 1732/2021-22 |

4) താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ

ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | കുറവ് |
|---|---|---|---|---|---|---|
| 1 | BRS Autos | 1247/21-22 | റിയാസ് കെ ആർ | 17 | 6 | 11 |

5)താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ ന | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | നിള ഫുഡ് എക്സ്പ്രസ്സ് | I & II |
| 2 | ടെക്സാ പ്രിന്റ് വെഞ്ച്വേഴ്സ് പ്രൈ.ലി. | I & II |
| 3 | ആയുർ ഈററ്സ് കേരള കറി & കൾച്ചർ | I & II |

മേൽ ഖണ്ഡികകളിലെ തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി നോട്ടീസ് നൽകിയതായി മറുപടി ലഭിച്ചു. തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കി

I)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | സോഫിറ്റ് ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് പ്രൈ.ലി. | ബ്രിജേഷ്കുമാർ സി.എസ് | I | 51631 | 416 | 450 | 34 |
| | | ജേക്കബ് മാത്യൂസ് | | 100000 | 624 | 1000 | 376 |
| | | മുഹമ്മദ്ഷാഫി കെ.കെ | | 87823 | 416 | 750 | 334 |
| | | റംസിയ ഹസൻ | | 75150 | 624 | 750 | 126 |
| | | സുഭാഷ്ചന്ദ്രൻ സി | | 125232 | 1000 | 1250 | 250 |
| | | സജീഷ് കെ.കെ | | 128500 | 1040 | 1250 | 210 |
| | | വിനു ചന്ദ്രൻ | | 63508 | 500 | 600 | 100 |
| | | ഗൌതമി എസ് | | 60000 | 416 | 600 | 184 |
| 2 | EBIXCASH WORLD MONEY LTD | ജോസഫ് ലിജോ | II | 178218 | 125 | 1250 | 1125 |
| 3 | ജെ ജെ സിമന്റ് ബ്രിക്സ് | അലി | I | 36000 | 120 | 300 | 180 |
| | | വിക്രം | | 36000 | 120 | 300 | 180 |
| | | റഹ്മാൻ | | 39000 | 120 | 300 | 180 |
| ആകെ കുറവ് | | | | | | | 3279 |

II)BCL Secure Premises Pvt. Ltd എന്ന സ്ഥാപനം സമർപ്പിച്ച രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല. വിശദവിവരം താഴെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെ പേര് | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| BCL Secure Premises Pvt. Ltd | അബ്ദുൾ മജീദ് പി എ | 76518 | 720 | 750 | 30 |
| | ശരത് പി.എസ് | 75012 | 720 | 750 | 30 |
| | ജിബി ടി സി | 75737 | 720 | 750 | 30 |
| | മിനി ബിജു | 86974 | 720 | 750 | 30 |
| | സീന ഷിബു | 88936 | 720 | 750 | 30 |
| | രാജൻ വി.എ | 81797 | 720 | 750 | 30 |
| | മധു ഇ എം | 79312 | 720 | 750 | 30 |
| | ജോഷി സി.വി | 83912 | 720 | 750 | 30 |

(പ്രസ്തുത സ്ഥാപനത്തിന്റെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റിൽ ആകെ 363 ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്.)

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽനികുതി ഈടാക്കുന്നതിനായി മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/20.01.2023) മറുപടി നൽകി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേൺ സ്റ്റേറ്റ്മെന്റുകളുടെ കൃത്യത പരിശോധിച്ച് മാത്രം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക നിലനിൽക്കുന്നു

2021-22 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻസ് ഷീറ്റ് B-15) വിവരങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ വാടക ഇനത്തിൽ കുടിശ്ശികയായി ആകെ 497872/- രൂപ (തൻവർഷം - 65038/- രൂപ, മുൻവർഷം - 432834/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. ടി കുടിശ്ശിക പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതും ബാക്കി നിൽകുന്ന കുടിശ്ശിക വിവരം അറിയിക്കണമെന്നുകാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(24/24.01.2023) കുടിശ്ശിക ഇനത്തിൽ 65038/-രൂപ പിരിച്ചെടുത്തതായും, പഞ്ചായത്ത് വക മാർക്കറ്റ് കെട്ടിടത്തിലെ A1, A3, A5, B14, B19, C7 എന്നീ നമ്പർ കെട്ടിട മുറികൾക്ക് കോടതിയിൽ കേസ് നിലവിലുള്ളതാണെന്നും ആയതിനാൽ ടി മുറികളുടെ വാടക ഇനത്തിൽ കുടിശ്ശികയുള്ള 391247/- രൂപ കോടതിയുടെ ഉത്തരവിനനുസരണമായി മാത്രമേ പിരിച്ചെടുക്കാൻ കഴിയുകയുള്ളുവെന്നും ബാക്കി 41587/- രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. കുടിശ്ശിക വാടക പിഴ സഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-17 തരിശ് നെൽകൃഷി വികസനം- സ്ഥലത്തിന്റെ രേഖകൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ തരിശു നെൽകൃഷി വികസനപദ്ധതിയിൽ താഴെ പറഞ്ഞ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1)സുഭിക്ഷ കേരളം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)14/2020/ ആ.സാ.വ:തീ.18.05.2020

2)സ.ഉ (സാധാ) നം.1009/2020/തസ്വഭവ, തീ:29.05.2020

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0109/22,തരിശു നെൽകൃഷി വികസനം |
| ഫണ്ട്, അടങ്കൽ | 1)വികസന ഫണ്ട്- ജനറൽ (2,28,000രൂപ)<br>2)തനത് ഫണ്ട് (1,72,000 രൂപ)<br>ആകെ : 4,00,000 |
| ചെലവ് | 2,28,000 രൂപ (വികസന ഫണ്ട്) |
| ബിൽ റഫറൻസ് നം , തിയതി - തുക | 1)21110452012501265244/16.03.2022 -(1,89,000 രൂപ)<br>2)21110452012501377691/23.03.2022 - (39,000 രൂപ)<br>ആകെ : 2,28,000 /- |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |

തരിശ് ഭൂമിയിൽ നെൽകൃഷി ചെയ്യുന്നവർക്ക് കൂലിചെലവ് നൽകുന്നതിനാണ് 4,00,000 രൂപ അടങ്കലിൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത് (ഒരു ഹെക്ടറിന് പരമാവധി 40,000 രൂപ - (കർഷകന് 35,000 + ഉടമയ്ക്ക് 5,000) ). 20 സെന്റിലധികം തരിശ് നെൽകൃഷി ചെയ്യുന്ന ചെറുകിട, നാമമാത്ര കർഷക/കർഷക ഗ്രൂപ്പുകൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. അപേക്ഷയുടെയും ഗുണഭോക്തൃ ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമ | ഗുണഭോക്താവിന്റെ | കൃഷി ചെയ്ത | കൃഷി ഓഫീസറുടെ | സബ്സിഡി |
|---|---|---|---|---|

| നം | പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ ചെലവ് തുക | അനുവദിച്ച് നൽകിയ തുക |
|---|---|---|---|---|
| 1 | ബി.കെ.ആന്റണി | 0.2 | 28000 | 7000 |
| 2 | കെ.എം.ആന്റണി | 0.16 | 22400 | 5600 |
| 3 | രമണി കുട്ടപ്പൻ | 0.75 | 1056001 | 26400 |
| | | | ആകെ | 39000 |
| 4 | ജോൺസൺ.കെ.പി | 0.8 | 112000 | 28000 |
| 5 | രമണി ബാലകൃഷ്ണൻ | 0.8 | 112000 | 28000 |
| 6 | ഗോപി കാളുകുറുമ്പൻ | 0.4 | 56000 (അപേക്ഷയിൽ 12000) | 14000 |
| 7 | രാജേശ്വരി | 1.4 | 196000 | 49000 |
| 8 | തോമസ്.കെ.വി | 0.2 | 28000 | 7000 |
| 9 | ലെനിൻ മോഹനൻ | 1.8 | 252000 | 63000 |
| | | | ആകെ | 189000 |
| | | മൊത്തം തുക | | 2,28,000 |

A) പ്രോജക്ട് പരിശോധിച്ചതിൽ മേൽ കർഷകർ കൃഷി ചെയ്ത സ്ഥലത്തെ സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ലാത്തതായി കാണുന്നു. ടി തരിശ് സ്ഥലത്തിന്റെ വിസ്തീർണ്ണം കാണിക്കുന്ന രേഖകൾ, സർവേ നമ്പർ, സ്ഥല ഉടമയുടെ പേര്, കരം അടച്ച രസീത് മുതലായ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല .

സൂചന 1 ഉത്തരവിലെ ഖ.4.1 ലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ വാർഡിലും കൃഷിക്ക് ലഭ്യമാക്കാൻ കഴിയുന്ന തരിശുനിലങ്ങളും തരിശ് ഭൂമികളും ഭാഗിക തരിശ് ഭൂമികളും പുരയിടങ്ങളും കണ്ടെത്തി അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കേണ്ടതും അതിൽ ഉടമയുടെ വിവരങ്ങൾ, വിസ്തീർണ്ണം, ഭൂവികസന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതുണ്ടോ, കൃഷിക്ക് അനുയോജ്യമായ വിളകൾ ഏതൊക്കെ, ഉടമ തന്നെ കൃഷി ചെയ്യാൻ തയ്യാറാണോ അല്ലെങ്കിൽ പാട്ടത്തിന് നൽകാൻ തയ്യാറാണോ മുതലായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. ഉടമ നേരിട്ട് കൃഷി ചെയ്യാൻ സന്നദ്ധമല്ലെങ്കിൽ കൃഷി ചെയ്യുന്നതിന് താൽപ്പര്യമുള്ള കർഷകരെ കണ്ടെത്താവുന്നതാണ്. ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന് കൈമാറേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലാകണം. ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുന്നതാണെന്ന് ഉടമകളെ ബോധ്യപ്പെടുത്തിക്കൊണ്ട് തന്നെ ഗ്രാമപഞ്ചായത്ത്, ഭൂവുടമ, കൃഷി ചെയ്യുന്നവർ എന്നിവർ തമ്മിൽ ധാരണയുണ്ടാക്കി കൃഷി ചെയ്യാവുന്നതാണ്. ഖ.4.1 പ്രകാരം തയ്യാറാക്കിയ കൃഷി ഭൂമിയുടെ വിവരങ്ങൾക്കൊപ്പം കൃഷി ചെയ്യുന്ന കർഷകന്റെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദാംശങ്ങൾ പൂർണ്ണമാക്കണം. മേൽ പറഞ്ഞ പ്രവർത്തനങ്ങൾ വാർഡ് തല സമിതിയുടെ നേതൃത്വത്തിലാണ് നടത്തേണ്ടത്. ഇപ്രകാരം തയ്യാറാക്കിയ വിവരങ്ങൾ കൃഷി മേഖലാ വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിക്കേണ്ടതാണ്.

ഉടമസ്ഥർ ആരെന്ന് അറിയാത്ത സ്ഥലത്ത് തരിശ്കൃഷിക്ക് അനുവാദം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.5/19.01.2013) ക്ക് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഇത്തരത്തിൽ ഭൂവുടമകളെ കണ്ടെത്താൻ കഴിയാതിരിക്കുകയും അതിനാൽ കരം അടച്ച രസീത്, പാട്ടചീട്ട് മുതലായവ സമർപ്പിക്കാൻ കഴിയാതിരിക്കുകയും ചെയ്തവർക്ക് ആനുകൂല്യം നൽകിയത് 27.01.2022 ലെ 1/5 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, കൃഷി വകുപ്പ് ഡയറക്ടറുടെ 23.02.2022 ലെ നം.ADFW/1672/2022-TA1 പരിപത്രം എന്നിവ പ്രകാരമാണ് എന്നാണ്. ടി പരിപത്രം പരിശോധിച്ചതിൽ, നെൽകൃഷി പദ്ധതി പ്രകാരം തരിശുനിലത്തിൽ കൃഷി ചെയ്യുന്നതിന് സ്വന്തം ഭൂമിയില്ലാത്തിനാൽ മറ്റ് ഭൂവുടമകളുടെ ഭൂമിയിൽ കൃഷി ചെയ്ത് പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ ഭൂമി കൃഷിക്ക് വിട്ടുനൽകുന്ന ഭൂവുടമയ്ക്ക് പാട്ടത്തുക നൽകുന്നതിന് പാട്ടക്കരാർ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 2016-17 സാമ്പത്തികവർഷം പ്രവർത്തന മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ഉടമ്പടി നൽകാൻ ഭൂവുടമകൾ വിമുഖത കാണിക്കുന്നതായി ജില്ലകളിൽ നിന്നും അറിയിച്ച സാഹചര്യത്തിൽ തുകയുടെ പൂർണ്ണ വിനിയോഗം സാദ്ധ്യമാകുന്നതിനു വേണ്ടി അപ്രകാരം പാട്ടക്കരാർ ഉടമ്പടി വെക്കാൻ വിമുഖത കാണിക്കുന്ന ഭൂവുടമകളുടെ കൃഷിയിടത്തിൽ കൃഷി ചെയ്യുന്ന പാട്ടകൃഷിക്കാർക്ക് കൃഷി ഉദ്യോഗസ്ഥരുടെ വ്യക്തമായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ആനുകൂല്യം നൽകാവുന്നതാണെന്ന് 30.03.2017, 11.10.2017, 13.02.2019, 05.11.2019 എന്നീ തീയതികളിലെ ടിഎ(1)11250/17പരിപത്രം, 19.01.2020 ലെ ടിഎ(1)8176/2020 നമ്പർ പരിപത്രം എന്നിവ പ്രകാരം അനുമതി നൽകിയതായി കാണുന്നുണ്ട്. ഇതേ അനുമതി 2021-22 സാമ്പത്തികവർഷത്തേക്കും വ്യാപിപ്പിക്കുക മാത്രമാണ് 23.02.2022 ലെ മേൽ സർക്കുലർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതായത് പാട്ടക്കരാർ ഇല്ലെങ്കിലും കൃഷി ചെയ്ത കർഷകർക്ക് അർഹമായ തുക നൽകാമെന്ന് മാത്രമാണ് ഉത്തരവിൽ പറയുന്നത്. പാട്ടക്കരാർ മാത്രമാണ് ഒഴിവാക്കിയിരിക്കുന്നത്

സൂചന 2 ഉത്തരവ് ഖ.2.1 പ്രകാരം തരിശ് നെൽകൃഷിക്ക് അനുവദിക്കാവുന്ന പരമാവധി സഹായം ഒരു ഹെക്ടറിന് 40,000 രൂപയാണ്. സ്ഥലത്തിന്റെ വിസ്തീർണ്ണത്തിനനുസരിച്ചാണ് മേൽ പട്ടിക പ്രകാരം തുക കൈമാറിയിട്ടുള്ളതെന്നിരിക്കെ സ്ഥലത്തിന്റെ ഏരിയ സംബന്ധിച്ച് വില്ലേജ് ഓഫീസിൽ നിന്നുള്ള രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിക്കുന്നില്ല. മാത്രമല്ല സ്ഥല ഉടമ ആരെന്ന് പോലും അറിയാത്ത സാഹചര്യത്തിൽ സ്ഥലം കയ്യേറി കൃഷി ചെയ്യുന്നത് നിയമപരമായ വെല്ലുവിളികൾക്കും സാദ്ധ്യതയുണ്ട്. ആയതിനാൽ തുടർവർഷങ്ങളിൽ തരിശ്കൃഷി പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ വില്ലേജ് ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം നിർബന്ധമായും ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

B) സൂചന 2 ഉത്തരവിലെ ഖ.2.5.5 പ്രകാരം വിളകളെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്. ടി കർഷകർ വിള ഇൻഷുറൻസ് എടുത്തിരുന്നോ എന്ന വിവരം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല.

C) സൂചന 1 ഉത്തരവിലെ ഖ.3.29 പ്രകാരം തരിശ് കിടക്കുന്ന, പൊതുഭൂമിയും പാർശ്വവൽകൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയും, കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഇവിടെ ഉപയോഗപ്പെടുത്തിയിട്ടില്ല. വികസന ഫണ്ടിൽ നിന്നാണ് മുന്നൊരുക്കത്തിനുള്ള ചെലവും നടത്തിയിട്ടുള്ളത്.

D) ടി പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-18 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് റഗുലറൈസേഷൻ ഫീ ഈടാക്കി

മാത്യു ജോഷി, പൈനാടത്ത് വീട്, നായത്തോട് എന്ന വ്യക്തിക്ക് A3-1566(337)/2019-20 തീയതി : 11.05.2020 പെർമിറ്റ് പ്രകാരം A2-ലോഡ്ജ് ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയ വിസ്തീർണ്ണത്തേക്കാൾ അധികരിച്ച നിർമ്മിച്ച വിസ്തീർണ്ണത്തിന് റഗുലറൈസേഷൻ ഫീ ഇനത്തിൽ അടവാക്കേണ്ടിയിരുന്ന 3998/- രൂപ 18/23.01.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് 1220102697/23.01.2023 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിററ് പ്രകാരമുള്ള ഏരിയ | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള ഏരിയ | അധികമായി നിർമ്മിച്ച ഏരിയ | ക്രമവൽക്കരണ ഫീസ് |
|---|---|---|---|
| 457.20 ച.മീ. | 657.06 ച.മീ. | 199.86 | 199.86*10*2= 3998/- രൂപ |

1-19 പാലിയേറ്റീവ് കെയർ - മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല - 46,486 /- തടസ്സം

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 89/22, പാലിയേറ്റീവ് കെയർ |
| അടങ്കൽ/ഫണ്ട് | 1) 7 ലക്ഷം (വികസന ഫണ്ട്-ജനറൽ)<br>2) 1 ലക്ഷം (തനത് ഫണ്ട്) |
| ചെലവ് | 1) 7 ലക്ഷം രൂ<br>2)73,454 രൂ<br>ആകെ : 7,73,454/- |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതി പ്രകാരം വിവിധ ബില്ലുകളായി ആകെ 7,73,454/- രൂപ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

A)ബിൽ നം.21110452012800543797/21.10.2021 പ്രകാരം KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് നം.PRF2728/13.10.2021 അനുസരിച്ച് 2 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 1,53,514/- രൂപക്കുള്ള മരുന്നുകൾ മാത്രമേ പി.എച്ച്.സി യിൽ ലഭ്യമായിട്ടുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 20166/15.12.2022 | 9834 |

| | | |
|---|---|---|
| 2 | 18375/23.11.2022 | 6798 |
| 3 | 9885/01.09.2022 | 9981 |
| 4 | 9883/01.09.2022 | 20793 |
| 5 | 12490/07.02.2022 | 27704 |
| 6 | 11302/12.01.2022 | 34504 |
| 7 | 11307/12.01.2022 | 29612 |
| 8 | 11305/12.01.2022 | 14288 |
| | ആകെ | 153514 |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.10/21.01.2023 ന് ലഭ്യമാക്കിയ മറുപടിയിൽ KMSCL ൽ മരുന്നുകൾ സ്റ്റോക്ക് ഇല്ലാത്തതുകൊണ്ടാണ് വിതരണം നടത്താൻ സാധിക്കാത്തതെന്നും സ്റ്റോക്ക് വരുന്ന മുറയ്ക്ക് പി.എച്ച്.സി യിൽ മരുന്ന് ലഭ്യമാക്കുന്നതാണ് എന്നും KMSCL മറുപടി നൽകിയിട്ടുണ്ട് എന്നറിയിച്ചു. ബാക്കി 46,486/- രൂപക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതു വരെ ടി തുക തടസ്സപ്പെടുത്തുന്നു.

1-20 ഏർളി ഡിറ്റക്ഷൻ സെന്റർ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -20,000 രൂപ തടസ്സം

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 124/22, Early Detection Center Field Screening – അടിസ്ഥാന സൌകര്യം ഒരുക്കൽ |
| അടങ്കൽ/ഫണ്ട് | 20,000 (തനത് ഫണ്ട്) |
| ചെലവ് | 20,000 |
| ചെക്ക് നം/തിയതി | 4698078/05.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി |

ഏർളി ഡിറ്റക്ഷൻ സെന്ററിന് വേണ്ടി ഗ്രാമപഞ്ചായത്തിന്റെ വിഹിതം ജില്ലാപഞ്ചായത്തിന് നൽകുന്നതിന് മാത്രമുള്ള പ്രോജക്ടാണിത്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.2021 ലെ ഡിപി 13-1043/21 നമ്പർ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന ' സ്വന്തം - ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് ' എന്ന എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പദ്ധതിക്ക് പഞ്ചായത്തിന്റെ വിഹിതം നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു [ഫിനാൻസ് (സ്കീംലൈനിംഗ്) വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ നമ്പർ സർക്കുലർ പ്രകാരം ]. ഇതുപ്രകാരം പഞ്ചായത്ത് നൽകിയ 20,000/- രൂപ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൌണ്ടിലേയ്ക്ക് (A/c No.799013100000010) ട്രാൻസ്ഫർ ചെയ്ത നടപടിക്രമത്തിന്റെ പകർപ്പ്, ടി തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് എൻക്വയറി നം. 10/21.01.23 നൽകിയെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

1-21 ആരോഗ്യ പരിരക്ഷാ പദ്ധതി - ഗുണഭോക്തൃ ലിസ്റ്റില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 91/22, ആരോഗ്യ പരിരക്ഷ |
| അടങ്കൽ/ഫണ്ട് | 4 ലക്ഷം (തനത് ഫണ്ട്) |
| ചെലവ് | 3,99,997/- രൂപ |
| ബിൽ നമ്പർ/തീയതി – തുക | 1)68/30.07.2021 – 48743<br>2)117/16.09.2021 – 49501<br>3)198/22.11.2021 – 37670<br>4)248/04.01.2022 – 99001<br>5)379/22.02.2022 – 49913<br>6)527/25.03.2022 – 18758<br>7)558/29.03.2022 – 96411<br>ആകെ : 3,99,997/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ താമസിക്കുന്ന ആളുകളിൽ മാരക രോഗങ്ങൾ ബാധിച്ചവരെ കണ്ടെത്തി അവർക്ക് വേണ്ട പരിചരണം നൽകുന്നതിനും മരുന്ന് വാങ്ങി നൽകുന്നതിനും തനത് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രോജക്ടാണിത്.സപ്ലൈകോയിൽ നിന്ന് മരുന്നുകൾ വാങ്ങുന്നതിനാണ് ടി തുക ചെലവഴിച്ചിരിക്കുന്നത്. പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയ ടി പദ്ധതിയുടെ പരിശോധനയിൽ താഴെപ്പറയുന്ന ഏതാനും അപാകങ്ങൾ കാണുന്നു.

വീടുകളിൽ ചെന്ന് വൃക്കരോഗം. ഹൃദ്രോഗം, മറ്റ് മാരക രോഗങ്ങൾ എന്നിവയുള്ളവരെ പരിചരിച്ച് മരുന്ന് വാങ്ങി നൽകൽ ആണ് പ്രോജക്ടിന്റെ ലക്ഷ്യം. എന്നാൽ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ, മുൻഗണനാ മാനദണ്ഡങ്ങൾ എന്നിവ പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക പദ്ധതി നടപ്പാക്കുമ്പോൾ നിർവഹണോദ്യോഗസ്ഥർ പദ്ധതിയുടെ അർഹതപ്പെട്ട ഗുണഭോക്താക്കളെ കണ്ടെത്തി, പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും ടി ലിസ്റ്റിന് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ പ്രോജക്ടിന്റെ ഗുണഭോക്താക്കളെ കമ്മിറ്റി അംഗീകരിച്ചതിന്റെ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതിനായി സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ 7 വിവിധ മാരക രോഗങ്ങളുള്ള രോഗികളുടെ വിവരങ്ങൾ (പേര്, രജിസ്റ്റർ നമ്പർ, വാർഡ് നം, രോഗത്തിന്റെ സ്വഭാവം, വയസ്സ്) ചേർത്തുകാണുന്നു. ടി രജിസ്റ്റർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത രീതി, ഇവരുടെ വാർഷിക വരുമാനം, ഏതെല്ലാം രോഗികൾക്കാണ് ടി പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ വിതരണം ചെയ്തത്, എല്ലാവരുടെയും മെഡിക്കൽ സർട്ടിഫിക്കറ്റ് മുതലായ വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.10/21.01.23) മെഡിക്കൽ ഓഫീസർ വാക്കാൽ നൽകിയ മറുപടിയിൽ പാലിയേറ്റീവ് കെയർ, ആശാ വർക്കർമാർ തുടങ്ങിയവർ മുഖേനയാണ് അർഹരായവരെ കണ്ടെത്തുന്നതെന്നും ഇവർ പി.എച്ച്.സി ഓ.പി യിൽ വന്ന് ആവശ്യമായ മരുന്നുകൾ വാങ്ങുകയാണ് എന്നുമാണ്. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ ഫയലിൽ കൃത്യമായി സൂക്ഷിക്കാത്തത് അപാകതയാണ്. തൻവർഷം മരുന്ന് വിതരണം നടത്തിയവരുടെ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് അംഗീകാരം വാങ്ങി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

സപ്ലൈകോ മെഡിക്കൽ സ്റ്റോർ, ആലുവയിൽ നിന്നുള്ള വിവിധ ബില്ലുകൾ പ്രകാരം ആകെ 3,99,997/- രൂപയുടെ മരുന്നുകൾ അവിടെ നിന്ന് വാങ്ങിയിട്ടുണ്ട്. വാങ്ങിയ എല്ലാ മരുന്നുകളും സ്റ്റോക്കിലെടുത്ത് ബില്ലിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ ഏതെല്ലാം പേജുകളിലാണ് പ്രസ്തുത മരുന്നുകൾ എന്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട രോഗികൾക്ക് വിതരണം ചെയ്തത് കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. ടി പദ്ധതിയുടെ കാര്യക്ഷമത സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-22 സബ്സിഡി തുക നല്കിയതിന്റെ മുഴുവൻ രേഖകളും ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

A.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് / പ്രൊ.നം. | ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ് -എസ് 294/22 |
| അടങ്കൽ | 75,600/- ( വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 65,469/- ( അലോട്ട്മെന്റ് നം. 544/27.03.2022) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയിൽ " ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ് " എന്ന പ്രൊജക്ടിൽ 2 പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.

ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ് മുഖേന മത്സ്യ കൃഷി ചെയ്യുന്നതിന് പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 1,38,000/- രൂപയാണ്. ഇതിന്റെ 40 % മാണ് ഫിഷറീസ് വകുപ്പും പഞ്ചായത്തും ചേർന്ന് നൽകേണ്ട സബ്സിഡി. 40% സബ്സിഡി തുകയുടെ 2/3 മാത്രമാണ് (36,800/- രൂപ ) ഗ്രാമപഞ്ചായത്തിന് അനുവദിക്കാവുന്നത്. പദ്ധതി പ്രകാരം ശ്രീ.ബാഹുലേയൻ എന്ന ഗുണഭോക്താവിന് 30,641/- രൂപയും ശ്രീ.ഡേവിഡ് പി.എം. എന്ന ഗുണഭോക്താവിന് 34,855/- രൂപയും സബ്സിഡി നൽകിയിട്ടുണ്ട്.

| | ഗുണഭോക്താക്കൾ സമർപ്പിച്ച ബില്ലുകൾ പ്രകാരം യൂണിറ്റ് ചെലവ് | ചെലവിന്റെ 40% | അനുവദിക്കാവുന്ന ഗ്രാമപഞ്ചായത്ത് വിഹിതം 2/3 | അനുവദിച്ച സബ്സിഡി | അധികം നല്കിയ തുക |
|---|---|---|---|---|---|
| ശ്രീ.ബാഹുലേയൻ | 78,145/- | 31,258/- | 20,839/- | 30,641/- | 9802/- |
| ശ്രീ.ഡേവിഡ് പി.എം. | 88,000/- | 35,200/- | 23,467/- | 34,855/- | 11388/- |
| ആകെ | | | | | 21190/- |

അതായത് ചെലവിന്റെ 40% തുകയുടെ 2/3 ൽ കൂടുതൽ സബ്സിഡിയായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചതായി കാണുന്നു. ഈ പ്രൊജക്ടിൽ 21,190/- രൂപ അധികം നല്കിയിട്ടുണ്ട്.

B.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് - പ്രൊ.നം. | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്കൃഷി-എസ് 299/22 |
| അടങ്കൽ | 98,400/- ( വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 62,880/- ( അലോട്ട്മെന്റ് നം. 545/27.03.2022) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയിൽ " വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യക്കൃഷി " എന്ന പ്രൊജക്ടിൽ 2 പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്.

വീട്ടുവളപ്പിൽ കുളത്തിൽ മത്സ്യ കൃഷി ചെയ്യുന്നതിന് പദ്ധതി മാർഗരേഖ പ്രകാരം അനുവദനീയമായ പരമാവധി യൂണിറ്റ് കോസ്റ്റ് 1,23,000 രൂപയാണ്. ഇതിന്റെ 40 % മാണ് ഫിഷറീസ് വകുപ്പും പഞ്ചായത്തും ചേർന്ന് നൽകേണ്ട സബ്സിഡി. 40% സബ്സിഡി തുകയുടെ 2/3 ഭാഗമായ 32,800/- രൂപയാണ് ഗ്രാമപഞ്ചായത്തിന് അനുവദിക്കാവുന്നത്. പദ്ധതി പ്രകാരം ശ്രീ.എബ്രഹാം ടി.ജെ. എന്ന ഗുണഭോക്താവിന് 31,600/- രൂപയും ശ്രീ.വർഗ്ഗീസ് പി.കെ. എന്ന ഗുണഭോക്താവിന് 31,280/- രൂപയും സബ്സിഡി നൽകിയിട്ടുണ്ട്.

| | ഗുണഭോക്താക്കൾ സമർപ്പിച്ച ബില്ലുകൾ പ്രകാരം യൂണിറ്റ് ചെലവ് | ചെലവിന്റെ 40% | അനുവദിക്കാവുന്ന ഗ്രാമപഞ്ചായത്ത് വിഹിതം 2/3 | അനുവദിച്ച സബ്സിഡി | അധികം നല്കിയ തുക |
|---|---|---|---|---|---|
| ശ്രീ.എബ്രഹാം ടി.ജെ. | 79,000/- | 31,600/- | 21,067/- | 31,600/- | 10,533/- |
| ശ്രീ.വർഗ്ഗീസ് പി.കെ. | 79,000/- | 31,600/- | 21,067/- | 31,280/- | 10,213/- |
| ആകെ | | | | | 20746/- |

അതായത് ചെലവിന്റെ 40% തുകയുടെ 2/3 ൽ കൂടുതൽ സബ്സിഡിയായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ചതായി കാണുന്നു.

മേൽപ്പറഞ്ഞ 2 പ്രൊജക്ടുകളിലും കൂടി അനുവദനീയമായതിൽ അധികമായി 41936/- രൂപ തുക സബ്സിഡിയായി നല്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 41,936/- രൂപ അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-23 പട്ടികജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ- 60 വയസ്സ് തികയാത്തവർക്കും ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S006/21-22, പട്ടികജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 1,65,300/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക | 1,63,513/- (BRN 211045201260110173/11.02.22) |

60 വയസ്സ് പൂർത്തിയായ പട്ടികജാതി വൃദ്ധ ജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് എ കെ പോളച്ചൻ അയ്യമ്പിള്ളി വുഡ് ഹൗസ് പൊയ്ക്കാട്ടുശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 3479/- രൂപ നിരക്കിൽ 47 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന 60 വയസ്സ് പൂർത്തിയാക്കാത്തവർക്കും ആനുകൂല്യം നൽകിയതായി കണ്ടു.

| പേര് | രേഖകൾ പ്രകാരമുള്ള വയസ്സ് | ജനനത്തീയതി/ വർഷം (ആധാർ കാർഡ് പ്രകാരം) |
|---|---|---|
| രാജപ്പൻ കെ കെ, കാവുങ്ങപ്പറമ്പിൽ, പൊയ്ക്കാട്ടുശ്ശേരി | 57 | 01.01.1965 |
| ശ്രീധരൻ, പാലക്കടി വീട്, | 57 | 1965 |

| | | |
|---|---|---|
| വാപ്പാലശ്ശേരി | | |
| ജാനമ്മ, ആലക്കട വീട്, ആവണംകോട് | 58 | 1964 |
| കാർത്യായനി, മാപ്പിരിയാടം, ആവണംകോട് | 50 | 1972 |

സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായി, 60 വയസ്സ് തികയാത്തവർക്കും കട്ടിൽ അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 03/17.01.2023) ആധാർ കാർഡിൽ ജനനവർഷം തെറ്റായി വന്നിട്ടുള്ളതാണെന്നും ഗുണഭോക്താക്കളെല്ലാം 60 വയസ്സ് തികഞ്ഞവരാണെന്നും, മെഡിക്കൽ ഓഫീസറിൽ നിന്നും വയസ്സ് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വയസ്സ് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകളൊന്നും പരിശോധിക്കാതെ ആനുകൂല്യം നൽകിയത് ശരിയായ നടപടിയല്ല. മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പ്രായം തെളിയിക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. അതുവരെ ഇവർക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 13,916/- രൂപ ( 3479 X 4) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 അഗതിരഹിത കേരളം പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S 80/22 ആശ്രയ വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 5,00,000/-രൂപ (തനതുഫണ്ട്) |
| ചെലവഴിച്ച തുക | 5,00,000/-( SBI ചെക്ക് നം 34714/06.12.2021 ) |

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. ഇതു സംബന്ധിച്ച് സ.ഉ(എം.എസ്)നം.252/2017/ത.സ്വ.ഭ.വ തീയതി 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ അഗതിരഹിത കേരളം പദ്ധതിക്ക് തനതുഫണ്ടിൽ നിന്നും 5,00,000/-രൂപ മേൽ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. ഈ തുക അഗതിരഹിതകേരളം പദ്ധതി അക്കൗണ്ട് നമ്പർ 338202010028253 യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, നെടുമ്പാശ്ശേരി ൽ 06.12.2022 ൽ വരവ് വന്നിട്ടുണ്ട്. ഓരോ മാസവും ഭക്ഷ്യ കിറ്റ് വിതരണത്തിനു ചെലവായ തുക ഈ അക്കൗണ്ടിൽ നിന്നും നൽകി വരുന്നു. മാർച്ച് 2022 ലെ കണക്കനുസരിച്ച് 122 അഗതി കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്.

പഞ്ചായത്തിൽ നിന്നും ലഭിച്ച 5,00,000/- രൂപ വിനിയോഗിച്ച് അഗതി കുടുംബത്തിലെ അംഗങ്ങളുടെ എണ്ണമനുസരിച്ച് 500/-, 700/-, 900/- രൂപ വീതം തുകക്കുള്ള ഭക്ഷ്യകിറ്റുകൾ കുടുംബശ്രീയുടെ കീഴിലുള്ള ഫാൾക്കൺ മൾട്ടി പർപസ് എന്റർപ്രൈസസ് മൂവാറ്റുപുഴ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അഗതികേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകളൊന്നും ഹാജരാക്കിയില്ല.

1) പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയതിക്കു മുമ്പായി വിലയിരുത്തൽ സമിതി യോഗം ചേർന്ന് പദ്ധതി പുരോഗതി അവലോകനം ചെയ്ത് മിനുട്ട്സിന്റെ പകർപ്പ് കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് അയച്ചു കൊടുക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷം വിലയിരുത്തൽ സമിതി യോഗം ചേർന്നതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ഉപസമിതിയുടെ യോഗവിവരവും ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതിയുടെ മാർഗരേഖ പ്രകാരം ഓരോ കുടുംബത്തിനും പരിചരണ സേവനങ്ങളുടെ പാക്കേജ് നിർബന്ധമായും നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആരോഗ്യം, വസ്ത്രം, പെൻഷൻ തുടങ്ങിയ അതിജീവന ആവശ്യങ്ങളും മാനസിക ആവശ്യങ്ങളും, വികസന ആവശ്യങ്ങളും പരിഗണിച്ചിട്ടില്ല. സ്പോൺസർഷിപ്പും ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ എല്ലാ ആവശ്യങ്ങൾക്കും തുക വകയിരുത്തിയിട്ടില്ല.

3) ഗുണഭോക്താക്കൾക്ക് എല്ലാ മാസവും പോഷകാഹാരകിറ്റ് ലഭ്യമാക്കണമെന്ന് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യം എല്ലാ മാസവും നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.

4) അയൽക്കൂട്ടങ്ങൾ അഗതി കുടുംബ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) പുതുതായി അംഗങ്ങളെ ചേർക്കുവാനുള്ള പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല.

6) അഗതിരഹിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ മാസത്തിലൊരിക്കൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/21.01.2023 ) മറുപടി ലഭ്യമാക്കിയില്ല. പോഷകാഹാര കിറ്റുകൾ വിതരണം ചെയ്യുന്നതിൽ മാത്രം പരിമിതപ്പെടുത്താതെ, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ (വാസയോഗ്യമായ വീട്, ടോയ്ലെറ്റ് സൗകര്യം, കുടിവെള്ളം, വൈദ്യുതി, മരുന്ന് ലഭ്യത) നിറവേറ്റുന്നതിനുള്ള ശ്രമങ്ങളുണ്ടാകേണ്ടതാണ് . വകയിരുത്തിയ തുക പോഷകാഹാർ കിറ്റ് വിതരണത്തിനായി ഉപയോഗിച്ച സാഹചര്യത്തിൽ ചികിൽസ, വിദ്യാഭ്യാസ സഹായം തുടങ്ങിയ ആവശ്യങ്ങളൊന്നും നിറവേറ്റിയതായി കാണുന്നില്ല. അഗതികൾ ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിനായി ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിലേക്ക് അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 വി.ഇ.ഒ നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരമുള്ള വിവരമാണ് താഴെ ചേർത്തിട്ടുള്ളത്.

| പ്രോജക്റ്റ് നം, പേര് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| ലൈഫ് പദ്ധതി-എസ്.സി - നം - 232/22 | 2220000 -SCP<br>180000- Block Share | 2220000<br>180000 | 2/26.7.21 - 580000<br>3/3.8.21 - 320000<br>7/14.9.21 - 480000<br>8/16.10.21-480000<br>15/13.12.21- 360000<br>11/1.11.21 -180000 (Joint Venture) |
| ലൈഫ്-ഭൂരഹിതർക്ക് ഭൂമി - 249/22 | 1200000 -Plan (G) | 1200000 | 12/11.11.21 -400000<br>13/16.11.21 – 200000<br>523/25.3.22 -600000 |
| ലൈഫ് - ഭൂമി വാങ്ങൽ - 251/22 | 361300 (SCP)<br>538700 (തനത് ഫണ്ട്) | 361300<br>88700 | 30/25.3.22 – 225000<br>261/17.1.22 – 136300<br>262/17.1.22 – 88700 (തനത് ഫണ്ട്) |
| ലൈഫ് ഭവനം - എസ്.സി 101/22 | 1209948(SCP)<br>1525026 (തനത് )<br>1500000 (Block Share) | 1209948<br>170052 (തനത് )<br>280000 | 221/13.12.21 – 200000<br>264/17.1.22 – 260000<br>292/24.1.22 – 200000<br>408/26.2,22 – 400000<br>461/15.3.22 – 120000<br>520/25.3.22 – 29948<br>521/25.3.22 – 170052 (തനത് ഫണ്ട്) |
| പുതിയ തുറന്ന കിണർ -195/22 | 285000 | 105000(CFC Tied) | 288/24.1.22- 15000<br>518/25.3.22 - 75000<br>545/27.3.22 - 15000 |
| പുതിയ തുറന്ന കിണർ - 235/22 | 240000 | 30000 (CFC Tied) | 190/18.11.21 - 30000 |

രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി - (9/20.1.23 ) നൽകിയെങ്കിലും ചെലവുരേഖകളോ വിശദീകരണമോ ലഭ്യമായില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 58,45,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | ഹരിത കർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം 275/2022, |

| | |
|---|---|
| അടങ്കൽ | ₹204900 (തനത് ഫണ്ട്) |
| ചെലവ് | ₹192400 |
| വൗച്ചർ നം/ തീയ്യതി | 22101511/27.3.22 -49500<br>22101472 Dated 2703.2022-₹142900 |

ജി ഒ (ആർ ടി) നം 2307/2021/എൽ എസ് ജി ഡി തീയതി 18.11.2021 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് - പൊതുവിഭാഗം പതിനഞ്ചാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവയിൽ ലഭ്യമായ തുകയിൽ നിന്നും സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനും പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. താഴെ കൊടുത്ത നിരക്കുകൾ പ്രകാരം ഫണ്ട് അനുവദിക്കുന്നതിനായി പ്രൊജക്ട് ഏറ്റെടുക്കുന്നതിന് ആദ്യ ഘട്ടത്തിൽ ഈ സംവിധാനം നടപ്പാക്കാൻ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

| കെൽട്രോണിന് സർവ്വീസ് ചാർജ് | QR കോഡ് തുക | SMS തുക | ലാപ് ടോപ്പ്, മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 135700/- | 12000 | 7200 | 50000 | 204900 |

ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കെൽട്രോണിന് സർവ്വീസ് ചാർജ് ഇനത്തിൽ 135700/- രൂപയും SMS തുക ഇനത്തിൽ 7200/- രൂപ ഉൾപ്പെടെ ആകെ 142900/- രൂപ നൽകിയിട്ടുണ്ട്. 49500/-രൂപയ്ക്ക് മെയിൻഫ്രെയിം കമ്പ്യൂട്ടേഴ്സിൽ നിന്നും കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്.

പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 12/21.1.23 ന് മറുപടി ലഭിച്ചില്ല.

പദ്ധതി പൂർത്തിയാകുന്നത് വരെ / കെൽട്രോണിന് നൽകിയ മുൻകൂർ തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാകുന്നത് വരെ കെൽട്രോണിന് നൽകിയ 142900/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-27 IKM പ്രവർത്തനവിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| പ്രൊജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|---|
| IKM വിഹിതം -2/22 | വികസനഫണ്ട്- ജനറൽ | 89375 | 89375 | 80/6.8.21- 85020<br>407/3.3.22 – 4355<br>(20-21 ലെ കുടിശ്ശിക) |

IKM ന് പ്രവർത്തനചെലവിനുള്ള വിഹിതമായി സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി പ്രകാരം 89375/- രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി - 12/21.1.23 ന് മറുപടി ലഭിച്ചില്ല.

വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്ന് ലഭ്യമാകുന്നത് വരെ 89375/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-28 ഡെപ്പോസിറ്റ് പ്രവൃത്തികൾ -വിനിയോഗവിവരം ലഭ്യമായില്ല

സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി പദ്ധതി ഫണ്ട് വൈദ്യുതി ബോർഡിലും വാട്ടർ അതോറിറ്റിയിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | ഫണ്ട് | അടങ്കൽ | ചെലവ് | വൌച്ചർ നം/റിക്വിസിഷൻ നം. | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|---|---|
| ലൈൻ എക്സ്റ്റൻഷൻ -13/22 | തനത് ഫണ്ട് | 3000000 | 1392496 | 22101501/26.3.22 | 1387492 | കെ.എസ്. ഇ.ബി ആലുവ |
| | | | | 5070107201210023/ 26.3.22 | 5004 | കെ.എസ്.ഇ. ബി ചെങ്ങമനാട് |
| എയർ പോർട്ട് നഗർ കമാനം ഇലക്ട്രിഫി ക്കേഷൻ 281/22 | തനത് ഫണ്ട് | 50000 | 44471 | 22101269/ 22.2.22 | 44471 | കെ.എസ്. ഇ.ബി അത്താണി |

| | | | | | | |
|---|---|---|---|---|---|---|
| വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ വലിക്കൽ (11/22) | തനത് ഫണ്ട് | 600000 | 600000 | 22101502/25.3.22 | 600000 | വാട്ടർ അതോറിറ്റി ആലുവ |
| ആകെ | | | | | 2036967 | |

സ.ഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്യപ്പോളും നിർവഹണഉദ്യോഗസ്ഥൻ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി - 12/21.1.23 ന് മറുപടി ലഭിച്ചില്ല.

വിനിയോഗ സാക്ഷ്യപത്രം വൈദ്യുതി ബോർഡിൽ/ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാകുന്നത് വരെ 2036967/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-29 വഴിവിളക്കുകളുടെ മെയിന്റനൻസ് പദ്ധതി- അപാകതകൾ

| | | |
|---|---|---|
| പദ്ധതി | വഴിവിളക്കുകളുടെ മെയിന്റനൻസ്- 3/22 (New) | വഴിവിളക്കുകളുടെ മെയിന്റനൻസ് 214/22 (S,O) |
| അടങ്കൽ | 12,00,000/- രൂപ (തനത് ഫണ്ട്-) | 344510/- ( തനത് ഫണ്ട്-) |
| നിർവഹണം | സെക്രട്ടറി | സെക്രട്ടറി |
| ചെലവ് | 628070/- രൂപ | 344280/- |
| വൌച്ചർ നം/ തീയതി | 22100506/6.8.21- 301410<br>22100878/10.11.21 - 326660 | 22100341/23.6.21 -344280 |

മേൽ പറഞ്ഞ രണ്ട് പദ്ധതികൾ പ്രകാരം 20-21, 21-22 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എ.എം.സിക്കായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഇലക്ട്രിക്കൽ ട്രേഡിംഗ് & കോൺട്രാക്ടിംഗ് കോ എന്ന സ്ഥാപനവുമായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷമാണ് കരാർ കാലാവധി

| പ്രൊജക്ട് | കരാർ നം. | |
|---|---|---|
| 214/22 | 113/17.7.20 | 20-21 വർഷം 855490 രൂപയും 21-22 വർഷം 344280 രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| 3/22 | 133/9.8.21 | 21-22 വർഷത്തെ കരാർ പ്രകാരം നൽകിയ 326660 രൂപയും മുൻകരാർ കാലത്തെ (21.5.21-25.7.21 )301410രൂപയും 21-22 ൽ ചെലവഴിച്ചു. 22-23 ൽ നാളിതുവരെ 633352 രൂപ ചെലവഴിച്ചിട്ടുണ്ട്. |

വൈദ്യുതി ബോർഡ് നൽകിയ കത്ത് പ്രകാരവും കരാർ പ്രകാരവുമുള്ള വിളക്കുകളുടെ വിവരം താഴെ പറയുന്നു .

| | വൈദ്യുതി ബോർഡ് | കരാർ | 9.9.20 മുതൽ 25.7.21 വരെയുള്ള കാലയളവിൽ റിപ്പയർ ചെയ്തത് | 10.8.21 മുതൽ 29.4.22 വരെയുള്ള കാലയളവിൽ റിപ്പയർ ചെയ്തത് |
|---|---|---|---|---|
| ഓർഡിനറി ബൾബ് 40 W | 360 | 0 | 0 | 0 |
| “ 60w | 11 | 0 | 0 | 0 |
| ഡബിൾ ട്യൂബ് | 1575 | 1647 | 1220 | 966 |
| സോഡിയം വേപ്പർ ലാമ്പ്- 250 W | 4 | 9 | - | |
| സി.എഫ്.എൽ -72 W | 1363 | 300 | 708 | |
| 15 W | | 371 | 574 | |
| 22w | 141 | 216 | | |

| | | | | |
|---|---|---|---|---|
| 150 W | 18 | 18 | | |
| എൽ.ഇ.ഡി -24 W | 4 | | | |
| 18w | 103 | | | |
| 35 W | 107 | | | |

മേൽപറഞ്ഞ കണക്കുകളും റിപ്പയർ ചെയ്ത എണ്ണവും ഇനവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കരാർ പ്രകാരം "ഒരിക്കൽ മാറ്റിയ വിളക്കുകൾ കരാർ കാലാവധിക്കകം വീണ്ടും മാറ്റേണ്ടിവരുകയാണെങ്കിൽ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണമാണ്." എന്നാൽ മേൽ പട്ടിക പ്രകാരം നിലിവിലുള്ള വിളക്കുകളുടെ എണ്ണത്തേക്കാൾ കൂടുതൽ എണ്ണം ഓരോ വർഷവും റിപ്പയർ ചെയ്തതായി കാണിച്ച് തുക നൽകിയിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷയോടൊപ്പം പ്രവൃത്തി നടത്തിയതിന്റെ തെളിവായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമാണ് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 21.5.21 മുതൽ 25.7.21 വരെയുള്ള കാലയളവിലെ റിപ്പയറിന് 301410 രൂപ നൽകിയതിൽ പ്രവൃത്തി നടന്നതായി മെമ്പർമാരുടെ സാക്ഷ്യപത്രവും ഇല്ല. പ്രൊജക്ട് 214/22 പ്രകാരം നൽകിയ 344280 രൂപയുടെ ബില്ലിനോടൊപ്പവും മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല. പ്രവൃത്തി നടത്തിയതായി തെളിയിക്കുന്ന രേഖകളൊന്നുമില്ലാതെ കരാറുകാരന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകുന്നത് ക്രമപ്രകാരമല്ല.

പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1.തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/7/2019 തീയതി 21.2.2019 പ്രകാരം നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.
2. പഞ്ചായത്ത് പരിധിയിൽ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ഏതിനത്തിലുള്ള വിളക്കുകളുടെ വൈദ്യുതചാർജ്ജാണ് ഒടുക്കി വരുന്നത് എന്ന് തെരുവുവിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിക്കുന്നില്ല.

തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങളും ഇൻസ്റ്റലേഷൻ വിവരങ്ങളും ഉൾപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ വാറന്റി കാലയളവിലുള്ള വിളക്കുകൾ കരാറിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

3. മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളിൽ (ലഭ്യമായവയിൽ) തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാണ് പ്രവൃത്തി നടത്തിയത് എന്നും രേഖപ്പെടുത്തിയിട്ടില്ല

4 പ്രവൃത്തിക്കായി ഉപയോഗിച്ച സാമഗ്രികളുടെ ഗുണനിലവാരം പ്രോക്യുവർമെന്റ് കമ്മിറ്റിയോ ഉദ്യോഗസ്ഥരോ ഉറപ്പാക്കിയിട്ടില്ല.

5.തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി, സൂപ്പർവിഷൻ എന്നിവ ആവശ്യമാണ്. എന്നാൽ പ്രസ്തുത അനുമതി വാങ്ങിയതിന്റെയും, പ്രവൃത്തികൾ നടന്നതു സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തലിന്റെയും രേഖകൾ ഇല്ല.

6. 15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരംതെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നും നിർദ്ദേശമുണ്ട്. അപ്രകാരം ഒരു പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

7. കൃത്യമായ ആവശ്യകത നിശ്ചയിക്കാതെ മെയിന്റനൻസ് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുന്നുണ്ടോയെന്നും അവയ്ക്കും കരാറുകാരന് തുക നൽകേണ്ടി വരുന്നുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പുതിയ ഉപകരണങ്ങൾ സ്ഥാപിക്കുമ്പോൾ പഴയ കേടായ ഉപകരണങ്ങളുടെ വിനിയോഗം സംബന്ധിച്ച് കരാറിലോ ടെണ്ടർ നോട്ടീസിലോ വ്യവസ്ഥകൾ ചേർക്കുന്നില്ല. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത കരാറുകാരൻ കേടുവന്ന വിളക്കുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/22.1.23) മറുപടി ലഭിച്ചില്ല. പരാമർശിത അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. വർഷംതോറും തെരുവ് വിളക്ക് സ്ഥാപനത്തിനും പരിപാലനത്തിനുമായി വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിക്കുകയും സ്പിൽ ഓവറായി ഉടരുകയും ചെയ്യുന്നവെങ്കിലും ആധികാരിക രേഖകളൊന്നും സൂക്ഷിക്കാതെ കരാറുകാർ നല്കുന്ന ബില്ലുകളും, ഭരണസമിതി അംഗങ്ങൾ നല്കുന്ന സാക്ഷ്യപത്രങ്ങളും മാത്രം അടിസ്ഥാനമാക്കി തുകകൾ നല്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക) ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-30 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കാത്തതിനാൽ വൈദ്യുതി ചാർജിനത്തിൽ അധികചെലവുണ്ടാകുന്നു

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 444110/- രൂപ വീതം വൈദ്യുതിബോർഡിൽ ഒടുക്കുന്നുണ്ട്. താരിഫ് അടിസ്ഥാനത്തിലാണ് പ്രതിമാസം ചാർജ് നൽകുന്നത്. പ്രസ്തുത വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം നടപ്പിലാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ ചെലവ് ഇല്ലാതാക്കുവാനും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുവാനും സാഹചര്യം ഉണ്ടാക്കുവാനായാണ് അൺ മീറ്റേർഡ് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ മുന്നോട്ടുവച്ചത്. 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി ആകെ തുകയുടെ 50% തുക ഗ്രാമപഞ്ചായത്തുകൾ കെ.എസ്.ഇ.ബി.യിൽ അടവാക്കിയാൽ മതിയായിരുന്നു. 2021-22 വർഷം മീറ്ററിംഗിനായി 219/22 നമ്പറായി 600000/- രൂപ വകയിരുത്തിയെങ്കിലും പ്രൊജക്ട് നടപ്പിലാക്കിയിട്ടുമില്ല.

വൈദ്യുതിബോർഡിന്റെ കണക്ക് പ്രകാരമുള്ള വിളക്കുകളുടെ വിവരം താഴെ പറയുന്നു.

| ഇനം | എണ്ണം |
|---|---|
| ഓർഡിനറി ബൾബ് 40 W | 360 |
| " 60w | 11 |
| ഡബിൾ ട്യൂബ് | 1575 |
| സോഡിയം വേപ്പർ ലാമ്പ്- 250 W | 4 |
| സി.എഫ്.എൽ -72 W | 1363 |
| 15 W | |
| 22w | 141 |
| 150 W | 18 |
| എൽ.ഇ.ഡി -24 W | 4 |
| 18w | 103 |
| 35 W | 107 |

മേൽ പറഞ്ഞ ഇനങ്ങളുടെ താരിഫ് നിരക്കിലാണ് പ്രതിമാസചാർജ് ഒടുക്കുന്നത് സ്ട്രീറ്റ് ലൈറ്റ് എ.എം.സി യുടെ ബില്ലുകൾ പ്രകാരം ഡബിൾ ട്യൂബ് , സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പ് എന്നിവ മാത്രമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. അതായത് നിലവിലില്ലാത്ത ഓർഡിനറി ബൾബിന്റെ ഉയർന്ന താരിഫ് നിരക്കിലാണ് പ്രതിമാസ വൈദ്യുതി ചാർജ് ഒടുക്കുന്നത്. അതിനാൽ വൈദ്യുതി ചാർജിനത്തിൽ അധികചെലവും ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടവുമുണ്ടാകുന്നു.

സംയുക്ത പരിശോധന നടത്തി വൈദ്യുതി ബോർഡിൽ നിന്നും തെരുവ് വിളക്കുകളുടെ കണക്ക് സാക്ഷ്യപ്പെടുത്തി വാങ്ങുന്നതിനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-31 സർക്കാർ നിർദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ നൽകി

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾക്ക് പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. താഴെക്കൊടുത്തിരിക്കുന്ന ജീവനക്കാർക്കാണ് ആർജിതാവധി സറണ്ടർ അനുവദിച്ചിരിക്കുന്നത്.

1) വൗച്ചർ നം.22100270/3.6.21-₹440095

| ക്രമ നം. | പേര് | തസ്തിക | സറണ്ടർ തുക |
|---|---|---|---|
| 1 | സുരേഷ്.എസ്.പി | അസി.സെക്രട്ടറി | 67377 |
| 2 | അജയ് ജോർജ് | ജെ.എസ് | 65823 |
| 3 | സോഫിയ പി.എ | അക്കൌണ്ടന്റ് | 51837 |

| | | | |
|---|---|---|---|
| 4 | ജോൺ.കെ.ജെ | സീനിയർ ക്ലർക്ക് | 51837 |
| 5 | രേണുക.കെ.കെ | സീനിയർ ക്ലർക്ക് | 44733 |
| 6 | സുമിത.പി.വി | സീനിയർ ക്ലർക്ക് | 44733 |
| 7 | ലക്ഷ്മി.കെ.എസ് | ക്ലർക്ക് | 32765 |
| 8 | ആതിര | ക്ലർക്ക് | 31909 |
| 9 | ബേബി ലത്തീഷ | ക്ലർക്ക് | 31909 |
| 10 | ശില്പ സദാനന്ദൻ | ക്ലർക്ക് | 17172 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നത് സംബന്ധിച്ച് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളു എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/21.1.23) മറുപടി ലഭിച്ചില്ല . 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവിന് 1.6.21 മുതൽ മുൻകാല പ്രാബല്യം ഉണ്ടെന്നതിൽ നിലവിൽ ആർജിതാവധി സറണ്ടർ അനുവദിച്ചവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 440095/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 സാക്ഷരതാപ്രേരകിന് നൽകിയ ഓണറേറിയം റീകൂപ്പ് ചെയ്യേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ 3 സാക്ഷരതാപ്രേരകുമാർക്ക് ഓണറേറിയം നൽകുന്നതിനായി തനത്ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൌച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 22100162/7.5.21 | 9600 | 2021മാർച്ച് മാസത്തെ തുക ശ്രീമതി ഷൈനിമോൾക്ക് നൽകിയത് |
| 22100163/7.5.21 | 7056 | 2021മാർച്ച് മാസത്തെ തുക ശ്രീമതി ജെസ്സിക്ക് നൽകിയത് |
| 22100164/7.5.21 | 6475 | 2021മാർച്ച് മാസത്തെ തുക ശ്രീമതി ആനീസിന് നൽകിയത് |

G.O(Rt) 626/21/LSGD/26.2.21 പ്രകാരം ഓണറേറിയം തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി നൽകിയശേഷം സാക്ഷരതാമിഷനിൽ നിന്നും ചെലവ് തുക തിരികെ വാങ്ങേണ്ടതാണ്. ഇപ്രകാരം തുക തിരികെ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/21.1.23) മറുപടി ലഭിച്ചില്ല. ഹൊണറേറിയം ഇനത്തിൽ നൽകിയ തുക സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 മിനി കമ്മ്യൂണിറ്റി ഹാൾ - ഉപയോഗിക്കപ്പെടാതെ നിഷ്ക്രിയമായിക്കിടക്കുന്നു

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ അത്താണി മാർക്കറ്റ് കോംപ്ലക്സിന്റെ മുകളിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി 2019-2020 ൽ വിഭാവനം ചെയ്ത പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രൊജക്ടുകൾ വിവിധ വർഷങ്ങളിലായി ചെയ്തിട്ടുണ്ട്.

| വർഷം | പ്രൊജക്ടിന്റെ പേര് / പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2019-2020 | അത്താണി മാർക്കറ്റിൽ മിനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം വാർഡ് 14-പ്രൊജക്ട് നമ്പർ-S253/20 | 15,00,000 (തനത് ഫണ്ട്) | 13,11,848 (തനത് ഫണ്ട്) |
| 2019-2020 | മിനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം S337/20 | 4,79,714 (തനത് ഫണ്ട്) + 20,286 ( CFC- | 2,36,852 (തനത് ഫണ്ട്) |

| | | | |
|---|---|---|---|
| | | Basic Grant) 5,00,000 | |
| 2020-2021 | മിനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം S227/21 | 23,80,043 (തനത് ഫണ്ട്) + 6,19,957 ( CFC-Basic Grant) 30,00,000 | 22,43,835 (തനത് ഫണ്ട്) + 6,19,957 (CFC- Basic Grant) 28,63,792 |
| 2020-2021 | മിനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം S292/21 | 10,00,000 (തനത് ഫണ്ട്) | 6,12,225 (തനത് ഫണ്ട്) |
| 2021-2022 | മിനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം S159/22 | 4,95,000 (തനത് ഫണ്ട്) | 3,55,939 (തനത് ഫണ്ട്) |
| | ആകെ | 64,95,000 | 53,80,656 |

മൂന്ന വർഷം കൊണ്ട് അഞ്ച് പ്രൊജക്റ്റുകളിലൂടെ 53,80,656/- രൂപ ചെലവഴിച്ചാണ് ഈ കമ്മ്യൂണിറ്റി ഹാൾ പണി പൂർത്തീകരിച്ചത്.

2021-22 ൽ ഈ കമ്മ്യൂണിറ്റി ഹാളിന്റെ അവശേഷിക്കുന്ന പൂർത്തീകരണപ്രവൃത്തികളാണ് നടപ്പിലാക്കിയത്. ടോയ്‌ലറ്റുകളിലെ വാഷ് ബേസിൻ, ക്ലോസെറ്റ്, മറ്റ് സാനിറ്ററി ഫിറ്റിംഗ്സ് സ്ഥാപിക്കൽ എന്നിവയാണ് ഈ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രവൃത്തികളുടെ ഗുണനിലവാരപരിശോധനയ്ക്കായി നടത്തിയ സ്ഥലപരിശോധനാവേളയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിലും, അതിന്റെ പരിപാലനത്തിലും കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1) ഈ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിരിക്കുന്നത് നിലവിലുള്ള മാർക്കറ്റ് കോംപ്ലക്സിന്റെ ഒരു ഭാഗത്ത് മുകൾനിലയിലായിട്ടാണ്. ഈ കമ്മ്യൂണിറ്റി ഹാളിലേക്കുള്ള പ്രവേശനകവാടം റോഡിൽ നിന്ന് ഏറെ മാറി കെട്ടിടത്തിന്റെ ഏറ്റവും അറ്റത്തായാണ്. മുകൾനിലയിലെ കമ്മ്യൂണിറ്റി ഹാളിലേക്ക് പ്രവേശിക്കാൻ ഇവിടെ ഒരു ഗോവണി മാത്രമാണ് ഉള്ളത്. ഇടുങ്ങിയ ഗോവണിയും, വാതിലും ഹാളിലേക്കുള്ള ജനങ്ങളുടെ സുഗമമായ പ്രവേശനത്തിനും, എന്തെങ്കിലും അടിയന്തിര സാഹചര്യമുണ്ടായാൽ ഈ കെട്ടിടത്തിലെ ജനങ്ങളെ ഒഴിപ്പിക്കുന്നതിനും ഉതകുന്നതല്ല.

2) ഒരു കമ്മ്യൂണിറ്റി ഹാളിന് വേണ്ടുന്ന സ്പെസിഫിക്കേഷനുകൾ പാലിക്കാതെയാണ് കെട്ടിടം പണിതിരിക്കുന്നത്. നീളത്തിൽ പണിതിരിക്കുന്ന ഈ കെട്ടിടത്തിൽ ഒട്ടും ശാസ്ത്രീയമായല്ല 50ൽപ്പരം സീലിംഗ് ഫാനുകൾ ക്രമീകരിച്ചിരിക്കുന്നത്. ആവശ്യത്തിൽ അധികം ഫാനുകൾ ഈ ഹാളിൽ സ്ഥാപിച്ചിട്ടുണ്ട്. 53,80,656/- രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ ഹാളിൽ പ്രവൃത്തിമൂല്യത്തിനനുസരിച്ച് ഒരു പബ്ലിക് മീറ്റിംഗോ, ഒരു സ്വകാര്യ ചടങ്ങോ പോലും നടത്തുന്നതിനാവശ്യമായ സൌകര്യങ്ങൾ ഒന്നും തന്നെയില്ല എന്നത് പ്രധാന ന്യൂനതയാണ്. അസാധാരണമായ ഉയർന്ന തുക ചെലവഴിച്ച് നിർമ്മിച്ചിട്ടും ഈ കമ്മ്യൂണിറ്റി ഹാളിൽ ആവശ്യമായ സൌകര്യങ്ങൾ ഒരുക്കാൻ സാധിച്ചിട്ടില്ല എന്നത് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, എന്നീ എല്ലാ ഘട്ടങ്ങളിലും ആവശ്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല എന്നതിലേക്ക് വിരൽ ചൂണ്ടുന്നു.

3) ഇത്തരത്തിലുള്ള ഒരു കമ്മ്യൂണിറ്റി ഹാൾ ഇവിടെ സ്ഥിതി ചെയ്യുന്നുണ്ടെന്ന് പൊതുജനങ്ങൾക്ക് കാണാനും, അറിയാനും പറ്റിയവിധത്തിൽ ദിശാബോർഡുകൾ ഒന്നും തന്നെ ഇവിടെ സ്ഥാപിച്ചിട്ടില്ല. മാർക്കറ്റും, ചുറ്റുപാടുമുള്ള കടകളും പ്രവർത്തനസജ്ജമായാൽ മാർക്കറ്റിലെ കടകളിലേക്ക് വരുന്നവരുടെ വാഹനങ്ങളും, കാൽനടക്കാരുടെ തിരക്കും കാരണം കമ്മ്യൂണിറ്റി ഹാളിന് മാത്രമായി ഒരു പാർക്കിംഗ് ഏരിയ ഇവിടെ പ്രായോഗികമല്ല.

4) നിലവിൽ ഈ ഹാൾ ഉപയോഗിക്കാതെ അടച്ചുപൂട്ടിയിട്ട അവസ്ഥയിലാണ്. ഈ കെട്ടിടത്തിലെ വാതിലുകൾ, ജനലുകൾ എന്നിവയ്ക്ക് ദീർഘനാൾ ഉൾപ്പെടെ ഉപയോഗിക്കാതെയിരിക്കുന്നതുമൂലം അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നിരിക്കുകയാണ്. പുതുതായി പണിതീർത്ത ടോയ്‌ലറ്റ് കോംപ്ലക്സിൽ സ്ഥാപിച്ചിരിക്കുന്ന സാനിറ്ററി സാമഗ്രികൾ ഒന്നും തന്നെ പൈപ്പ് കണക്ഷൻ ഇല്ലാത്തതുമൂലം പ്രവർത്തനക്ഷമമല്ല.

53 ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ ഉപയോഗിക്കാതെയും, കൃത്യമായ പരിപാലനമില്ലാതെയും നിഷ്ക്രിയ ആസ്തിയായി കിടക്കുന്നത് അഭികാമ്യമല്ല. ഈ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചതിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ സാധ്യമാകുന്ന രീതിയിലും, പഞ്ചായത്തിന് വരുമാനദായകമായും ഈ കമ്മ്യൂണിറ്റി ഹാളിനെ ഉപയോഗപ്രദമാക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

1-34 വിവിധ വാർഡുകളിൽ കാന ക്ലീനിംഗ്- കരാറുകാരന് അധികനിരക്കിൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 157/22- വിവിധ വാർഡുകളിൽ കാന ക്ലീനിംഗ് |
| സാങ്കേതികാനുമതി | 67001/2020-21 Dated 12.09.2020, Rs 5,57,000/- |
| കരാറുകാരന്റെ പേര്, | ശ്രീ.അനീഷ് സി എസ് |
| കരാർ നം | 78/AE/LSGD/NDY തീയതി 05.11.2020 |
| അളവ് പുസ്തകം | 39/2021-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | ബിൽ നം 17/21-22, 29.10.2021<br>4,49,261/- |

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കാന ക്ലീനിംഗിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. കാനയിലെ ചെളി നീക്കി ജലമൊഴുക്ക് സുഗമമാക്കുകയാണ് പദ്ധതിലക്ഷ്യം. പ്രവൃത്തിയുടെ ഭാഗമായി എർത്ത് വർക്ക്, വേസ്റ്റ് മണ്ണ് നീക്കം ചെയ്യൽ, എന്നീ രണ്ട് ഇനങ്ങളാണ് ചെയ്തിട്ടുള്ളത്. ലഭിച്ച 1679.36 M3 മണ്ണ് മാലിന്യം നിറഞ്ഞതായതിനാൽ ഒരാവശ്യത്തിനും, ഉപയോഗിച്ചിട്ടില്ലെന്നും അതിന്റെ 65 % മണ്ണ് അതാതു സ്ഥലങ്ങളിൽ നിന്നും നീക്കി പഞ്ചായത്ത് വക സ്ഥലത്ത് നിക്ഷേപിച്ചതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ( പേജ് 6). ഈ രണ്ട് ഇനങ്ങളും, സ്ലാബ് മാറ്റുന്നതിനുള്ള ദിവസക്കൂലിയടക്കം ആകെ പ്രവൃത്തിമൂല്യം 4,01,125.86/- രൂപയാണ്. ഇതിനോട് 12% GST Compensation കൂട്ടിയുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്.

75ശതമാനത്തിലധികം പ്രവൃത്തിയും എർത്ത് വർക്ക് ഉൾക്കൊള്ളുന്ന പ്രവൃത്തിയിൽ 5% GST Compensation നൽകിയാൽ മതിയാകുന്നതാണ്. ഇതിനു വിരുദ്ധമായി 12% GST നൽകിയതിലൂടെ കരാറുകാരന് താഴെ കാണുംവിധം 28080/-രൂപ അധികം നൽകിയിട്ടുണ്ട്.

| ആകെ പ്രവൃത്തി മൂല്യം | GST ഉൾപ്പെടെ നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 401125.86 | 401125.86 X 12% = 401125.86+48135.1= 4,49,261 | 401125.86 X 5% = 401125.86+20056= 4,21,181 | 449261-421181= 28,080/- |

പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/23.01.2023) തുക ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. മേൽപ്രകാരം അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കാത്തതിനാൽ 28,080/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക ഈടാക്കിയില്ലെങ്കിൽ അധികം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതായിരിക്കും.

## 1-35 തൊഴിലുറപ്പ് പദ്ധതി-സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ് ഈടാക്കിയില്ല

2017 ലെ ജി.എസ്.ടി. നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2 % തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ അടവാക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസിലൂടെ നടത്തുന്നതുകൊണ്ടും, ജി.എസ്.ടി കുറവ് ചെയ്യാൻ അതിൽ സംവിധാനമില്ലാത്തതിനാലും, അപ്രകാരം ശരിയാകുന്നതുവരെ സപ്ലെയർ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക ഗ്രാമ പഞ്ചായത്തിൽ നേരിട്ട് അടവാക്കിയെന്ന് ഉറപ്പ് വരുത്തി ബിൽ സെറ്റിൽ ചെയ്യാൻ തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു (30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്ത്). 2021-22 വർഷം നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തി മൂല്യം | മെറ്റീരിയൽ വില | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 1 | ആറാട്ടുകടവ് അമ്പലം റോഡ് കട്ട വിരിക്കൽ | 3,06,030 | 2,61,794 | സിബി കെ. പി. |
| 2 | മേയ്ക്കാവ് പാലിയേത്തറ റോഡ് കട്ട വിരിക്കൽ | 1,52,866 | 1,30,033 | ,, |
| 3 | മഹാത്മ റോഡ് കട്ടവിരിക്കൽ | 4,69,145 | 4,104,43 | ,, |
| 4 | സിംഹാസനപള്ളി മുശ്ശേരിപ്പാറ റോഡ് നിർമ്മാണം | 2,68,515 | 2,37,457 | ,, |

2021-22 വർഷം നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി നൽകിയെങ്കിലും (നം 25/24.01.2023) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് നൽകിയിട്ടുള്ള തുകയുടെ 2% ജി.എസ്.ടി. ടി.ഡി.എസ് ഇനത്തിൽ പഞ്ചായത്തിൽ ഒടുക്കി റിട്ടേൺ ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-36 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നത് തുടരുന്നു

സ.ഉ(എം.എസ്) നം.97/2020/ധന തീ.23.09.2020 ലെ ഖ.സി(15) പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള സാമൂഹ്യക്ഷേമപെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ പഞ്ചായത്തിലെ പെൻഷൻ വിതരണ വിവരങ്ങൾ സേവന സോഫ്റ്റ്വെയർ മുഖേന 2021-22 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ ചില ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് അവരുടെ മരണ ശേഷവും പെൻഷൻ നൽകുന്നതായി കണ്ടെത്തി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I] നെടുമ്പാശ്ശേരി പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും എന്നാൽ നിലവിലും ഇവിടെ നിന്ന് പെൻഷൻ അനുവദിക്കുകയും ചെയ്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം നടത്തിയ കാലയളവ് | അനർഹമായി വിതരണം ചെയ്ത ആകെ തുക |
|---|---|---|---|---|---|---|
| 1 | ബേബി തച്ചിൽ / 449129322445 | വാർദ്ധക്യ കാല പെൻഷൻ/ 105580201158 | 13.09.2021 | Active | 10/2021 To 11/2022 | 1600 X 14 =22400 |
| 2 | നെപ്പോളിയൻ.എം / 585373085478 | വാർദ്ധക്യ കാല പെൻഷൻ/ 105580202318 | 28.09.2021 | Active | 10/2021 To 11/2022 | 1600 X 14 =22400 |
| 3 | കുഞ്ഞിക്കാളി.ടി.കെ / 400516697386 | വാർദ്ധക്യ കാല പെൻഷൻ/ 107010201384 | 27.05.2021 | Active | 06/2021 To 11/2022 | 1600 X 18 =28800 |
| 4 | യാക്കോബ് / 668333344756 | കർഷക തൊഴിലാളി പെൻഷൻ/ 107010100168 | 20.06.2021 | Active | 07/2021 To 11/2022 | 1600 X 17 = 27200 |
| 5 | ദേവു.പി.എ / 280199754064 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ / 107010500031 | 11.06.2021 | Active | 07/2021 To 11/2022 | 1600 X 17 =27200 |
| 6 | ഏലമ്മ ഇട്ടൂപ്പ് / 573577923622 | വാർദ്ധക്യ കാല പെൻഷൻ/ 107010200239 | 18.06.2021 | Active | 07/2021 To 11/2022 | 1600 X 17 =27200 |
| 7 | സാവിത്രി അമ്മ / 923113425786 | കർഷക തൊഴിലാളി പെൻഷൻ/ 107010100442 | 21.03.2021 | Active | 04/2021 To 11/2022 | 1600 X 20 =32000 |
| 8 | യാക്കോബ്.കെ.കെ / 613469772905 | വാർദ്ധക്യ കാല പെൻഷൻ/ 107010202674 | 27.06.2021 | Active | 07/2021 To 11/2022 | 1600 X 17 =27200 |
| 9 | കുട്ടപ്പൻ.പി.കെ / 878650395797 | വാർദ്ധക്യ കാല പെൻഷൻ/ 107010201276 | 11.07.2021 | Active | 08/2021 To 11/2022 | 1600 X 16 =25600 |

| | | | | | | |
|---|---|---|---|---|---|---|
| 10 | നാരായണൻ.കെ.വി / 621589570354 | വാർദ്ധക്യ കാല പെൻഷൻ/ 107010201841 | 04.07.2021 | Active (KBOCWWBന്റെയും പെൻഷൻ ആക്ടീവ് ആയി തുടരുന്നു) | 08/2021 To 11/2022 | 1600 X 16 =25600 |
| 11 | തങ്കമണി രവീന്ദ്രൻ/ 965781766431 | വാർദ്ധക്യ കാല പെൻഷൻ/ 107010201312 | 25.06.2021 | Active (KBOCWWBന്റെയും പെൻഷൻ ആക്ടീവ് ആയി തുടരുന്നു) | 07/2021 To 11/2022 | 1600 X 17 =27200 |
| 12 | അച്ചാമ്മ കുഞ്ഞവറ / 310588247204 | വാർദ്ധക്യ കാല പെൻഷൻ/ 107010200389 | 20.07.2021 | Active | 08/2021 To 11/2022 | 1600 X 16 =25600 |
| 13 | രാമൻ.പി.എൻ / 664999944020 | കർഷക തൊഴിലാളി പെൻഷൻ/ 107010100161 | 01.03.2021 | Active | 04/2021 To 11/2022 | 1600 X 20 =32000 |
| 14 | ജലാലുദ്ദീൻ.വി.എ / 454018988235 | വാർദ്ധക്യ കാല പെൻഷൻ/ 107010201290 | 30.08.2021 | Active | 09/2021 To 11/2022 | 1600 X 15 =24000 |
| 15 | അയ്യപ്പൻകുഞ്ഞ് / 930658260865 | വാർദ്ധക്യ കാല പെൻഷൻ/ 107010201822 | 25.08.2021 | Active | 09/2021 To 11/2022 | 1600 X 15 =24000 |
| 16 | ചിന്നമ്മ വർഗ്ഗീസ്/ 982979601678 | വിധവാ പെൻഷൻ/ 107010601296 | 23.10.2021 | Active | 11/2021 To 11/2022 | 1600 X 13=20800 |
| 17 | വർഗ്ഗീസ്.സി.പി / 690789269181 | വാർദ്ധക്യ കാല പെൻഷൻ/ 107010201768 | 23.10.2021 | Active (KBOCWWBന്റെയും പെൻഷൻ ആക്ടീവ് ആയി തുടരുന്നു) | 11/2021 To 11/2022 | 1600 X 13=20800 |
| 18 | തോമസ്.കെ.എം / 366902268245 | വാർദ്ധക്യ കാല പെൻഷൻ/ 107010201068 | 04.11.2021 | Active | 12/2021 To 11/2022 | 1600 X 12 =19200 |
| 19 | പത്രോസ് / 804542802724 | വാർദ്ധക്യ കാല പെൻഷൻ/ 107010200053 | 30.10.2021 | Active | 11/2021 To 11/2022 | 1600 X 13 =20800 |
| 20 | നാരായണൻ നായർ.പി / 813486415952 | വാർദ്ധക്യ കാല പെൻഷൻ/ 107010200502 | 03.10.2021 | Active (കേരള ഡയറി ഫാർമേഴ്സ് ക്ഷേമനിധി ബോർഡിന്റെയും പെൻഷൻ ആക്ടീവ് ആയി തുടരുന്നു) | 11/2021 To 11/2022 | 600 X 13 =7800 |
| 21 | രവി.കെ.കെ / 649695524981 | വാർദ്ധക്യ കാല പെൻഷൻ/ 107010201440 | 07.11.2021 | Active | 12/2021 To 11/2022 | 1600 X 12 =19200 |
| 22 | ത്രേസ്യാമ്മ / 662684552598 | കർഷക തൊഴിലാളി പെൻഷൻ/ 107000100517 | 02.12.2021 | Active | 01/2022 To 11/2022 | 1600 X 11 =17600 |
| 23 | അന്നമ്മ വറീത് / 535693911134 | കർഷക തൊഴിലാളി പെൻഷൻ/ 107010100088 | 26.11.2021 | Active | 12/2021 To 11/2022 | 1600 X 12 =19200 |
| 24 | മേരി പൌലോസ് / 395957109982 | വിധവാ പെൻഷൻ/ 107010600898 | 03.12.2021 | Active | 01/2022 To 11/2022 | 1600 X 11 =17600 |
| 25 | മാത്യു.പി.എം / 879514578839 | വാർദ്ധക്യ കാല പെൻഷൻ/ 107010202557 | 08.09.2021 | Active (കാർഷിക പെൻഷനും ആക്ടീവ് ആയി തുടരുന്നു) | 10/2021 To 11/2022 | 600 X 14 =8400 |

മരണം രജിസ്റ്റർ ചെയ്തശേഷവും സേവന മുഖേനയുള്ള ഇവരുടെ പെൻഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

II]പെൻഷൻ സസ്പെൻഡ് ചെയ്തെങ്കിലും ഏതാനും കാലയളവിൽ തുക കൈപ്പറ്റി

പഞ്ചായത്ത് നിലവിൽ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും മരണപ്പെട്ട തിയതിയ്ക്ക് ശേഷം അനർഹമായി പെൻഷൻ നൽകിയ കാലയളവിലെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. ടി തുകകൾ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം നടത്തിയ കാലയളവ് | അനർഹമായി വിതരണം ചെയ്ത ആകെ തുക |
|---|---|---|---|---|---|---|
| 1 | എബ്രഹാം.പി.ഇ / 435088544556 | വാർദ്ധക്യ കാല പെൻഷൻ/ 107010201006 | 30.06.2021 | Suspend | 07/2021 To 12/2021 | 1600 X 6 =9600 |
| 2 | അന്നമ്മ / 333294861084 | വാർദ്ധക്യ കാല പെൻഷൻ/ 105580200027 | 22.06.2021 | Suspend | 07/2021 To 08/2021 | 1600 X 2 =3200 |
| 3 | എം.എ.കുട്ടപ്പൻ / 971051472557 | വാർദ്ധക്യ കാല പെൻഷൻ/ 105580201775 | 28.08.2021 | Suspend | 09/2021 To 06/2022 | 1600 X 10 =16000 |
| 4 | നാരായണൺ.പി / 602867892314 | വാർദ്ധക്യ കാല പെൻഷൻ/ 105580202753 | 30.10.2021 | Suspend | 11/2021 To 11/2022 | 1600 X 13 =20800 |
| 5 | ഓമന അരവിന്ദാക്ഷൻ / 858017838699 | വാർദ്ധക്യ കാല പെൻഷൻ/ 105580202586 | 14.11.2021 | Suspend | 11/2021 To 05/2022 | 1600 X 7 =11200 |
| 6 | ത്രേസ്യാമ്മ ഔസേപ്പ് / 371217537151 | വാർദ്ധക്യ കാല പെൻഷൻ/ 105580201645 | 21.05.2021 | Suspend | 06/2021 To 11/2021 | 1600 X 6 =9600 |

III] മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ വാങ്ങുന്നവരുടെ വിവരം

മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ക്ഷേമപെൻഷൻ വാങ്ങികൊണ്ടിരിക്കുകയും എന്നാൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുകയും ചെയ്ത ഏതാനും ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് നിലവിൽ ആക്ടീവ് ആയി തുടരുന്നതായി കാണുന്നു. അവയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര്/ ആധാർ നമ്പർ | പെൻഷന്റെ തരം/പെൻഷൻ ഐ ഡി | മരണപ്പെട്ട തിയതി | നിലവിലെ അവസ്ഥ | അനർഹമായി പെൻഷൻ വിതരണം നടത്തിയ കാലയളവ് | അനർഹ മായി വിതരണം ചെയ്ത ആകെ തുക | പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന പ്രാദേശിക സർക്കാർ |
|---|---|---|---|---|---|---|---|
| 1 | റോസിലി ഫ്രാൻസിസ് / 800529195333 | വാർദ്ധക്യ കാല പെൻഷൻ/ 106990202545 | 18.06.2021 | Active (KBOCWWB ൽ നിന്നുള്ള പെൻഷനും ആക്ടീവ് ആയി തുടരുന്നു) | 07/2021 To 11/2022 | 1600X17 =27200 | പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് |
| 2 | ദേവി പുത്തൻകായി / 513712115114 | വിധവാ പെൻഷൻ/ 112450611071 | 18.08.2021 | Active | 09/2021 To 11/2022 | 1600X15 = 24000 | തൃക്കാക്കര നഗരസഭ |
| 3 | മോഹനൻ.കെ.ഇ / 629158926922 | വാർദ്ധക്യ കാല പെൻഷൻ/ 106330203745 | 26.08.2021 | Active | 09/2021 To 11/2022 | 1600X15 =24000 | കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് |
| 4 | സുഭദ്ര / 222855095843 | വാർദ്ധക്യ കാല പെൻഷൻ/ 101690615378 | 27.04.2021 | Active | 05/2021 To 11/2022 | 1600X19 =30400 | കൊച്ചി കോർപ്പറേഷൻ |
| 5 | മുനിയാണ്ടി / 478738456667 | വാർദ്ധക്യ കാല പെൻഷൻ/ | 19.09.2021 | Active | 10/2021 To 11/2022 | 1600X14 =22400 | വണ്ടൻമേട് ഗ്രാമ പഞ്ചായത്ത് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 106070201269 | | | | | |
| 6 | വാസുദേവൻ നായർ പി.എൻ / 586534926917 | വാർദ്ധക്യ കാല പെൻഷൻ/ 106330203474 | 19.10.2021 | Active | 11/2021 To 11/2022 | 1600X13 =20800 | കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് |
| 7 | ചന്ദ്രിക.എം.ജി / 480737441149 | വികലാംഗ പെൻഷൻ / 106500400173 | 30.11.2021 | Active | 12/2021 To 11/2022 | 1600X12 =19200 | വാഴക്കുളം ഗ്രാമപഞ്ചായത്ത് |
| 8 | പങ്കജാക്ഷിയമ്മ /429208861058 | വാർദ്ധക്യ കാല പെൻഷൻ/ 106700200731 | 26.04.2021 | Suspend ചെയ്തിട്ടുണ്ട്. | 05/2021 To 08/2021 | 05/2021 ൽ–600 രൂപ, 06/2021 To 08/21 : 1600 X 3= 4800 Total = 5400 രൂപ | മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 9 | ആന്റണി വർഗ്ഗീസ് / 757426113098 | കർഷക തൊഴിലാളി പെൻഷൻ/ 106300100213 | 07.05.2021 | Suspend ചെയ്തിട്ടുണ്ട്. | 06/2021 To 01/2022 | 1600 X 8 = 12800 | വരാപ്പുഴ ഗ്രാമപഞ്ചായത്ത് |
| 10 | ആഗസ്തി വർക്കി / 478493142054 | വാർദ്ധക്യ കാല പെൻഷൻ/ 106420200387 | 21.05.2021 | Active ആണ്. എന്നാൽ 06/2021 മുതൽ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന കാണുന്നു. | - | - | മലയാറ്റൂർ -നീലീശ്വരം ഗ്രാമപഞ്ചായത്ത് |
| 11 | ജോൺ ഫെർണാണ്ടസ് / 970850839017 | വാർദ്ധക്യ കാല പെൻഷൻ/ 106550200142 | 09.05.2021 | Active ആണ്. എന്നാൽ 06/2021 മുതൽ 09/2022 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന കാണുന്നു. | 10/2022, 11/2022 എന്നീ മാസങ്ങളിൽ തുക സഹകരണ ബാങ്കിന് കൈമാറിയ തായി കാണുന്നു. | 1600 X 2 =3200 | കടമക്കുടി ഗ്രാമപഞ്ചായത്ത് |

ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ നം.63/2021/ധന പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കാത്തിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടെന്നും പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പഞ്ചായത്തിലെ സെക്രട്ടറി അടുത്ത മാസം 10 -ാം തീയതിക്കുള്ളിൽ ടി സ്ഥാപനത്തെ അറിയിക്കേണ്ടതും അനർഹരായ ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (1/17.01.2023) ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ചവരെ സേവനയിൽ സസ്പെൻഡ് ചെയ്തതായും അനർഹമായി കൈപ്പറ്റിയ തുക സർക്കാരിലേയ്ക്ക് തിരിച്ചടക്കാൻ ആവശ്യപ്പെട്ട് ബാങ്ക് അധികൃതർക്ക് കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരുടെ കാര്യത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഇ-മെയിൽ മുഖേന അറിയിച്ചിട്ടുണ്ടെന്നും മാത്രമല്ല നിലവിൽ മരണം രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ക്ഷേമപെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ടെന്ന വിവരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളിൽ കൂടുതൽ ശ്രദ്ധ പുലർത്തുന്നതാണെന്നും അറിയിച്ചു. ബാങ്കിൽ നിന്ന് തുക തിരികെ ഈടാക്കിയത് സംബന്ധിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രത്യേക ഓഫീസ് ഓർഡർ മുഖാന്തിരം മരണ രജിസ്ട്രേഷൻ സെക്ഷനിൽ നിന്ന് യഥാസമയം സാമൂഹ്യക്ഷേമപെൻഷൻ സെക്ഷനിലേയ്ക്ക് ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

1-37 ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രോജക്ട് നം, പേര് | S159/22, അത്താണി മിനി കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | 5,00,000/- |
| കരാറുകാരൻ | ശ്രീ. സിന്റോ എം.എ. |
| കരാർ ഉടമ്പടി നമ്പർ | 79/AE/LSGD/NDY/21-22 തീയതി.05.11.2020 |
| എം ബുക്ക് നം. | 13/21-22, 10/21-22 |
| ചെലവ് വിവരം | 3,55,939/- (ബിൽ നം. 213/21-22 തീയതി. 06.12.2021) |

പഞ്ചായത്തിലെ അത്താണി മാർക്കറ്റിൽ പണി കഴിപ്പിച്ച കമ്മ്യൂണിറ്റി ഹാളിന്റെ പൂർത്തീകരണപ്രവൃത്തികളാണ് ഈ പ്രൊജക്ടിൽ ആവിഷ്കരിച്ചിരിക്കുന്നത്. ടോയ്ലെറ്റുകളിലെ വാഷ് ബേസിൻ, ക്ലോസെറ്റ്, മറ്റ് സാനിറ്ററി ഫിറ്റിംഗ്സ് സ്ഥാപിക്കലാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആകെ നിർമ്മാണ ചെലവ് 3,55,939/- രൂപയാണ്. DSoR 2016 പ്രകാരമുള്ള നിരക്കിൽ എടുത്ത് എസ്റ്റിമേറ്റ് പ്രകാരമാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. താഴെ പറയുന്ന ഇനം പ്രവൃത്തിയിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്ത സ്പെസിഫിക്കേഷനുള്ള സാമഗ്രിയാണ് നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്ന് കാണുന്നു. യഥാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന സാധനങ്ങൾക്ക് DSoR 2016 പ്രകാരമുള്ള വില കണക്കാക്കിയാൽ കരാറുകാരന് നൽകിയ തുക അധികമാണെന്ന് കാണുന്നു.

ഇനം 12 പ്രകാരം “CP Health Faucet Superior Quality( Jaguar Or Equivalent Make) DAR Code 50.17.1.5) പ്രകാരമുള്ള Health Faucet സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ല സ്ഥാപിച്ചിരിക്കുന്നതെന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടതാണ്. ഇക്കാരണത്താൽ കരാറുകാരന് താഴെ കാണുംവിധം അധികം തുക നൽകിയിട്ടുണ്ട്.

| ഇനം | നൽകിയ നിരക്ക് (50.17.1.5 പ്രകാരം | നൽകാവുന്ന നിരക്ക് (50.17.1.4 പ്രകാരം) | അധികം നൽകിയത് |
|---|---|---|---|
| CP Health Faucet | 4 X 1280.45= 5121.81 + 12% GST | 757.81 X4= 3031.24+ 12% GST | 2090.57+12% GST= 2341.44- |

മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം നല്കിയ തുക തിരിച്ചടച്ച് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതനുസരിച്ച് (നം 23/22.12.22) അധികം നൽകിയ തുക 24.01.2023 ലെ 1220205478/G 071303 നം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.

എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിർമ്മാണസാമഗ്രികൾ തന്നെയാണ് പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് തുക അനുവദിച്ചത്. ഈയിനത്തിന് കുറഞ്ഞ നിരക്കിലുള്ള സ്പെസിഫിക്കേഷൻ PRICE Software ൽ ഉണ്ടെന്നിരിക്കെ, ഉയർന്ന നിരക്ക് അനുവദിക്കുന്നത് ഒഴിവാക്കാവുന്നതായിരുന്നു. നിർമ്മാണപ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പാക്കി ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2021-22 ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 105903 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (പ്രൊ.നം. S0237/22) | 105903 | 0 |
| | 2021-22 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (പ്രൊ.നം. S0102/22) | 200000 | 0 |
| | 2021-22 | 26930 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം. S0119/22) | 26930 | 0 |
| | | | | | |
| | | | ആകെ | 332833 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (പ്രൊ.നം. S012/21) | 200000 | 0 |
| | 2021-22 | 280000 | ലൈഫ് ഭവനപദ്ധതി - ഭൂരഹിത-ഭവനരഹിതർക്ക് സഹായം(Spill Over) (പ്രൊ.നം. S0101/22) | 280000 | 0 |
| | 2021-22 | 180000 | ലൈഫ് ഭവനപദ്ധതി - ഭൂരഹിത-ഭവനരഹിതർക്ക് സഹായം (പ്രൊ.നം. S0232 /22) | 180000 | 0 |
| | 2021-22 | 140000 | ലൈഫ് ഭവനപദ്ധതി - ഭൂരഹിത-ഭവനരഹിതർക്ക് സഹായം (പ്രൊ.നം. S0231/22) | 140000 | 0 |
| | 2021-22 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം. S0119/22) | 150000 | 0 |
| | | | ആകെ | 950000 | |

മുൻവർഷങ്ങളിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2021ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2022ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻവർഷ | 2021-22 വരവ് | ആകെ | ചെലവ് | ആകെ | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|

| | ങ്ങളിലെ മുന്നിരിപ്പ് | RP-31 | RP-7 | ആകെ വരവ് | വരവ് ( OB+ RTS) | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | ചെലവ് | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| ജില്ലാ പഞ്ചായത്ത് (Capital) 320 700 105 | 683107 | 0 | 332833 | 332833 | 1015940 | 0 | 332833 | 332833 | 332833 | 683107 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (Revenue) 320 700 204 | 2672447 | 0 | 950000 | 950000 | 3622447 | 0 | 950000 | 950000 | 950000 | 2672447 | 0 |
| ജില്ലാ പഞ്ചായത്ത് (Revenue) 320 700 205 | 150000 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 1,50,000 | 0 |

മുൻവർഷങ്ങളിൽ ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ടിൽ യഥാക്രമം 8333107/-രൂപയും, 2672447/- രൂപയും നീക്കിയിരുപ്പുണ്ട്. ഈ തുക ഏത് സ്കീമുകൾക്ക് വേണ്ടി ലഭിച്ചുവോ ടി ആവശ്യത്തിന് തന്നെ ഉപയോഗിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ -13/22 | 22101501/26.3.22 | 1387492 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| " | " | 5070107201210023/26.3.22 | 5004 | " |
| " | എയർപോർട്ട് നഗർ കമാനം ഇലക്ട്രിഫിക്കേഷൻ 281/22 | 22101269/22.2.22 | 44471 | " |
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈ ൻ വലിക്കൽ (11/22) | 22101502/25.3.22 | 600000 | " |

കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിട്ടുള്ള സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ - 5004/-, എയർപോർട്ട് നഗർ കമാനം ഇലക്ട്രിഫിക്കേഷൻ - 44471/- എന്നീ തുകകൾ അക്കൗണ്ട്സിൽ ഉൾപ്പെട്ടിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2 (15) | 2006-07 | 3.39 | പൈപ്പ് ലൈൻ സ്ഥാപിക്കൽ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | തുക വാട്ടർ അതോറിറ്റി ചെലവഴിച്ചിട്ടുള്ളതും, വിനിയോഗസാക്ഷ്യപത്രം ഉൾപ്പെടുന്ന തുക കഴിച്ച് ബാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്. |
| 2015-2016 | 2.1 | 2016-17 | 2 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട്. (118040103759/ 06.082018) |

## 4-9 ചാർജ് സർചാർജ് നടപടികൾ

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118928357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 124737424 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8704755 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 46,486 | ഡോ.ബെറ്റി ആന്റണി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-20 | 20,000 | “ |
| 1-22 | 41,936 | ശ്രീമതി.അളക ആർ ബാബു ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-23 | 13,916 | ശ്രീ. സുനിൽ പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 58,45,000 | 4435000/- – ശ്രീമതി.സുധ.എം.എ, വി.ഇ.ഓ. 1410000/- - ശ്രീ.റിബു വർഗീസ്.കെ., വി.ഇ.ഓ. |
| 1-26 | 1,42,900 | ശ്രീമതി.ജെസ്സി പി.വി. സെക്രട്ടറി |
| 1-27 | 89,375 | ശ്രീമതി.ജെസ്സി പി.വി. സെക്രട്ടറി |
| 1-28 | 20,36,967 | ശ്രീമതി.ജെസ്സി പി.വി. സെക്രട്ടറി |

| | | |
|---|---|---|
| 1-31 | 4,40,095 | ശ്രീമതി.ജെസ്സി പി.വി. സെക്രട്ടറി |
| 1-34 | 28,080 | ശ്രീമതി. നബീല എം.ബി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | 87,04,755 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
സംസ്ഥാന സർക്കാർ -

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| | | ഇല്ല |
| ആകെ | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജെസ്സി.പി.വി സെക്രട്ടറി | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | കൊച്ചിക്കാരൻ വീട് , ഫ്ലാറ്റ് നം - 10D കല്പക കാസിൽ സുഭാഷ് നഗർ, ഇടപ്പള്ളി |
| ഡോ. ബെറ്റി ആന്റണി | പി.എച്ച് .സി നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | കൊച്ചു പുരക്കടിയിൽ കിടങ്ങൂർ അങ്കമാലി |
| ശ്രീമതി.സുധ.എം എ വി .ഇ. ഒ | കോഓപ്പറേറ്റീവ് വകുപ്പ് | കുളങ്ങര ഹൌസ് പീച്ചാനിക്കാട് പുളിയനം (പിഒ) അങ്കമാലി |
| ശ്രീ.റിബു വർഗീസ് വി ഇ ഒ | വി ഇ ഒ ചൂർണ്ണിക്കര | ക്വാട്ടേഴ്സ് നം -X36, FACT Township, ഉദ്യോഗമണ്ഡൽ (പിഒ) ഏലൂർ |
| ശ്രീമതി.അളക ആർ ബാബു ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | ഊരമ്പിള്ളിൽ ഹൗസ് ആലങ്ങാട് ആലുവ |
| ശ്രീമതി. നബില എം.ബി അസിസ്റ്റന്റ എഞ്ചിനീയർ | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | ആഞ്ഞിക്കാട്ട് വീട് ശ്രീമൂലനഗരം (പിഒ) 683580 |
| ശ്രീ. സുനിൽ പി.എസ്. അസിസ്റ്റന്റ് സെക്രട്ടറി | നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പാണ്ടിപ്പിള്ളിൽ വീട് മേയ്ക്കാട് പി.ഒ. അത്താണി. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-1997 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 634(i)/2018 തീയതി. 22.07.2019 | 4 | |
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(1)/2018 തീയതി. 23.05.2018 | 1 | |
| 2004-2005<br>2006-2007 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507/2018 തീയതി. 23.05.2018 | | |

| | | | |
|---|---|---|---|
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 3 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | 3 | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 8 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 8 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 20 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 തീയതി. 9.01.2020 | 8 | |
| 2019-2020 | കെ.എസ്.എ.ഇ.കെ.എം.(പി11)728/2021 തീയതി.29/06/2021 | 18 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി11)/1077/22 തീയതി 08.08.2022 | 30 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്